
# തൗഹീദ്

## സംശയ ദൂരീകരണം



The Cooperative Office For Call & Guidance to Communities at Naseem Area
Riyadh - Al-Manar Area - Front of O.P.D. of Al-Yamamah Hospital
Tel. 2328226 - 2350194 - Fax : 2301465
P.O. Box 51584 Riyadh 11553

MALABARI
54

# كشف الشبهات

## ترجمه للغة المالبالم

# شعبة توعية الجاليات في الزلفي

## الطبعة الثانية ٤ / ١٤١٨هـ.

---

ⓒ شعبة توعية الجاليات بالزلفي ، ١٤١٧هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

محمد بن عبدالوهاب بن سليمان

كشف الشبهات / ترجمة المكتب التعاوني للدعوة والإرشاد
وتوعية الجاليات بالزلفي.
٤٨ ص ؛ ١٢ × ١٧ سم
ردمك : ٣ - ٢٢ - ٨١٣ - ٩٩٦٠
(النص باللغة المالبالام)
١. التوحيد ٢- العقيدة الإسلامية - دفع مطاعن ٣. التوسل
أ. المكتب التعاوني للدعوة والإرشاد وتوعية الجاليات (الزلفي)
(مترجم) ب. العنوان

ديوي ٢٤٠ ١٧/٠٩٩٤

رقم الايداع ١٧/٠٩٩٤

ردمك : ٣ - ٢٢ - ٨١٣ - ٩٩٦٠

الصف والإخراج: **شعبة توعية الجاليات في الزلفي**

# ഉള്ളടക്കം


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1 | മുഖവുര | 5 |
| 2 | ഗ്രന്ഥകാരൻ | 7 |
| 3 | തൗഹീദ് | 8 |
| 4 | തൗഹീദുർ-റുബൂബിയ്യ | 8 |
| 5 | നബിയുടെ യുദ്ധം എന്തിനായിരുന്നു? | 10 |
| 6 | തൗഹീദ് മനസ്സിലായാൽ | 12 |
| 7 | തൗഹീദും ശത്രുക്കളും | 13 |
| 8 | ദുർബലവാദങ്ങൾ | 14 |
| 9 | മറുപടികൾ | 15 |
| 10 | ആരാധിക്കപ്പെട്ടവർ നിഷേധിക്കുന്നു | 19 |
| 11 | സാമീപ്യംതേടൽ ശിർക് | 20 |
| 12 | പ്രാർത്ഥന തന്നെ ആരാധന | 20 |
| 13 | ശഫാഅത്തിനെ നിഷേധിക്കുകയോ? | 22 |
| 14 | ശിർക് മഹാപാപം | 23 |
| 15 | ശിർക് വിഗ്രഹാരാധന മാത്രമോ? | 24 |
| 16 | അല്ലാഹുവിന് സന്താനങ്ങളോ? | 26 |
| 17 | ഔലിയാക്കൾ | 27 |
| 18 | ശിർക് അന്നും ഇന്നും | 27 |
| 19 | മക്കാമുശ്രികുകളെപ്പോലെയോ? | 29 |
| 20 | തൗഹീദ് പരമപ്രധാനം | 31 |
| 21 | റാഫിദുകൾ കൊല്ലപ്പെട്ടു | 32 |
| 22 | മതനിന്ദ കുഫ്ർ | 33 |
| 23 | ലാഇലാഹഇല്ലല്ലാഹു പറഞ്ഞവനോ? | 36 |
| 24 | അന്ത്യനാളിലെ സഹായാർത്ഥന | 41 |
| 25 | ജിബ്രീലിൻെറ സഹായം | 42 |

# മുഖവുര

## പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

സർവ്വസ്തുതിയും അല്ലാഹുവിന്നാകുന്നു. നാം അവനെ സ്തുതിക്കുന്നു, അവനോട് സഹായമർത്ഥിക്കുന്നു, അവനോട് പാപമോചനം തേടുന്നു. നമ്മുടെ മനസ്സുകളിലെ തിന്മകളിൽ നിന്നും ചീത്തപ്രവർത്തനങ്ങളിൽ നിന്നും അല്ലാഹുവിൽ ശരണം തേടുകയും ചെയ്യുന്നു. അല്ലാഹു ആരെ സന്മാർഗ്ഗത്തിലാക്കിയോ, അവനെ ദുർമാർഗ്ഗത്തിലാക്കുന്നവനില്ല. അല്ലാഹു ആരെ ദുർമാർഗ്ഗത്തിലാക്കിയോ അവനെ സന്മാർഗ്ഗത്തിലാക്കുന്നവനുമില്ല. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി (സ) അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

ശൈഖുൽ ഇസ്ലാം മുഹമ്മദുബ്നു അബ്ദിൽവഹ്ഹാബ് രചിച്ച "തൗഹീദ് സംശയ ദൂരീകരണം" എന്ന ഈ കൊച്ചുകൃതി നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കാൻ അവസരം നൽകിയ അല്ലാഹുവിനെ സ്തുതിക്കുന്നു. ഇതൊരു ചെറിയ കൃതിയാണെങ്കിലും വളരെ ഉപകാരപ്രദമായ ഒന്നാണ്. വ്യാജവാദികളുടെ പല ആശയക്കുഴപ്പങ്ങൾക്കുമുള്ള മറുപടിയാണിത്. ഖുബൂരിയാക്കൾ വലിയ തെളിവുകളായി എഴുന്നെള്ളിക്കാറുള്ള വാദങ്ങളുടെ ഖണ്ഡനവുമാണ്. അവരുടെ വാദങ്ങൾ എല്ലാംതന്നെ പിശാചുക്കൾ ദുർബോധനം നൽകുന്ന പൊള്ളവാദങ്ങളാണ്. അവമുഖേന അവർ പിഴച്ചുപോയി, കുറേപേരെ പിഴപ്പിക്കുകയും ചെയ്തു.

സത്യം തുറന്നു പറയുക, അസത്യത്തെ തകർക്കുക, അതിൻെറ നിരർത്ഥത തുറന്നു കാട്ടുക എന്നീ പണ്ഡിത ധർമ്മമാണ് ശൈഖുൽഇസ്ലാം ഈകൊച്ചുകൃതിയിലൂടെ നിർവ്വഹിച്ചിട്ടുള്ളത്.

അല്ലാഹുവിനെ വിട്ട് ഖബ്റുകളെയും ജാറങ്ങളെയും അവലംബിക്കുകയും, ത്വരീഖത്തിൻെറയും സൂഫിസത്തിൻെറയും ശൈഖന്മാരിൽ വിശ്വാസമർപ്പിച്ചവരുമായവർക്ക് ഈകൃതി മാർഗ്ഗദർശ

കമാകട്ടെ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ഇക്കൂട്ടർക്ക് സന്മാർഗ്ഗവും തൗഹീദും എന്തെന്നറിയാമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. തൗഹീദിൽനിന്നും അവർ ദുർവാശിയോടെ പിന്തിരിഞ്ഞവരാണെന്ന ധാരണയും എനിക്കില്ല. മാത്രമല്ല അധികപേർക്കും ശരിയായ -അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ- വിശ്വാസത്തെ കുറിച്ചുള്ള അജ്ഞത നിമിത്തമാണ് അങ്ങനെ ആയിത്തീർന്നിട്ടുണ്ടാകുക. അങ്ങനെയുള്ളവർ, ഗുണവും സന്മാർഗ്ഗവും ലഭിക്കാൻ വേണ്ടി ഈകൃതി നിർബന്ധമായും വായിച്ചിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. സത്യമാണല്ലോ പിന്തുടരപ്പെടേണ്ടത്. അല്ലാഹു സഹായിക്കട്ടെ.

സഹോദരാ,

നമ്മെയെല്ലാം അല്ലാഹു സന്മാർഗ്ഗത്തിൽ ജീവിപ്പിക്കുമാറാകട്ടെ. സൗകര്യപ്പെട്ടാലുടൻ താങ്കൾ എത്രയുംവേഗം പശ്ചാതപിക്കുക. കാരണം, ജീവൻ തൊണ്ടക്കുഴിയിൽ എത്തുന്നതിനു മുമ്പ് പശ്ചാതപിച്ചവൻെറ പശ്ചാതാപം അല്ലാഹു സ്വീകരിക്കും. അപ്രകാരം തന്നെ സൂര്യൻ അസ്തമയസ്ഥാനത്തു നിന്ന് ഉദിക്കുന്നതിനു (ഖിയാമത്തിനു) മുമ്പ് പശ്ചാതപിച്ചവനും. ഖബ്റാരാധനയിൽ മുഴുകി അമിതം പ്രവർത്തിച്ചവനാണെന്നുള്ളതുകൊണ്ട് ദൈവകാരുണ്യത്തെകുറിച്ച് നിരാശനാകേണ്ട. കാരണം പശ്ചാതാപം അതിൻെറ മുമ്പുള്ള എല്ലാപാപങ്ങളെയും മായ്ചുകളയും. അല്ലാഹു പറയുന്നു: സ്വന്തം ആത്മാക്കളോട് അക്രമം പ്രവർത്തിച്ചുപോയ എൻെറദാസന്മാരേ, അല്ലാഹുവിൻെറ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായുംഅല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെപൊറുക്കുന്നവനും കരുണാനിധിയും [സുമർ:53]

ഈ പ്രയത്നം അല്ലാഹു സ്വീകരിക്കട്ടെ. അവൻെറ മഹത്തായ ഔദാര്യത്താൽ അവൻ ഇതിന്നു തക്കതായ പ്രതിഫലം നൽകട്ടെ. നമുക്കും നമ്മുടെ മാതാപിതാക്കൾക്കും അല്ലാഹു പൊറുത്തു തരട്ടെ, ആമീൻ.

# ഗ്രന്ഥകാരൻ

**പേര്: മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ്.**
**കുടുംബം: ബനൂതമീം.**

ജനനം: ഹി.1115. ഒയയ്നയിൽ. റിയാദിൽ നിന്നും ഏകദേശം 70 കിലോമീറ്റർ വടക്കു പടിഞ്ഞാറാണ് ഈ പ്രദേശം

പിതാവും പിതാമഹനും നജ്ദിലെ പണ്ഢിതരായിരുന്നു. മുഹമ്മദ് പത്തുവയസ്സിനു മുമ്പ്തന്നെ ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കി. തുടർന്ന് ഫിഖ്ഹിൽ പാണ്ഢിത്യം നേടി. തഫ്സീർ, ഹദീസ് ഗ്രന്ഥങ്ങൾ പഠനം നടത്തി. വിവിധ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളുടെ മൂലം മനഃപാഠമാക്കി. വിദ്യതേടി നജ്ദിൻെറ പലഭാഗങ്ങളിലും സഞ്ചരിച്ചു. മക്കയിലെയും മദീനയിലെയും പണ്ഢിതരുടെ അടുക്കൽ പഠനംനടത്തി. അവരിൽ പ്രസിദ്ധനായിരുന്നു ശൈഖ് അബ്ദുല്ലാഹിബ്നു ഇബ്റാഹീം അശ്ശമ്മരി. മുഹമ്മദ് ഹയാത് സിൻധിയുടെ അടുക്കൽനിന്നും ഹദീസ്നിദാനശാസ്ത്രത്തിൽ പ്രാവീണ്യംനേടി. രചനകളിൽ തൽപരനായിരുന്നു. വളരെയധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻേറതായി ഉണ്ട്. അവയിൽ പലതിൻെറയും കയ്യെഴുത്തുപ്രതികൾ ഇന്നും പുരാതന പുസ്തകശേഖരങ്ങളിൽ കാണപ്പെടുന്നു.

പിതാവിൻെറ മരണശേഷം സലഫീ പ്രബോധകനായി രംഗത്തുവന്നു. തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിച്ചു. ബിദ്അത്തുകൾക്കും ഖബ്ർപൂജക്കുമെതിരെ ധീരോദാത്തമായിപൊരുതി. സുഊദ് രാജകുടുംബം അദ്ദേഹത്തെ കലവറയില്ലാതെപിന്തുണച്ചു. ആ ശ്രമം ഫലവത്തായി. അറേബ്യൻ ഉപദ്വീപിൽനിന്നും ബിദ്അത്തുകളും ഖുറാഫാതുകളും നീക്കംചെയ്തു. ലോകസലഫീ പ്രസ്ഥാനത്തിനു തന്നെ അത് വലിയൊരു മുതൽകൂട്ടായിത്തീർന്നു.

ഹിജ്റാബ്ദം 1206ൽ മരിച്ചു. അല്ലാഹു അദ്ദേഹത്തിനു അവൻെറ വിശാലമായ അനുഗ്രഹം ചൊരിഞ്ഞു കൊടുക്കട്ടെ.

# തൗഹീദ്

അറിയുക, അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. തൗഹീദ്(ഏകദൈവവിശ്വാസം) എന്നാൽ ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാകുന്നു. അല്ലാഹു മനുഷ്യരിലേക്ക് നിയോഗിച്ച മുഴുവൻ പ്രവാചകരുകടയും മതമാണത്. അവരിൽ ഒന്നാമൻ നൂഹ് (അ) ആകുന്നു(1). വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് തുടങ്ങിയ പുണ്യപുരുഷന്മാരുടെ കാര്യത്തിൽ അമിതം കാണിച്ചപ്പോളാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. അന്ത്യപ്രവാചകൻ മുഹമ്മദ്(സ) ആകുന്നു. അല്ലാഹുവിനെ വളരെയധികം സ്മരിക്കുക, ദാനധർമ്മങ്ങൾ നൽകുക, ഹജ്ജ്ചെയ്യുക തുടങ്ങിയ ആരാധനാകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്ന ജനങ്ങളിലേക്കാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. ഈ പുണ്യാളന്മാരുടെയെല്ലാം വിഗ്രഹങ്ങൾ തകർത്തതും അദ്ദേഹം തന്നെ. പക്ഷെ അവർ അല്ലാഹുവിൻെറയും അവരുടെയും ഇടയിൽ ചിലസൃഷ്ടികളെ മദ്ധ്യവർത്തികളായി സ്വീകരിച്ചിരുന്നു. അവരുടെവാദം ഇപ്രകാരമായിരുന്നു, അവർ മുഖേന അല്ലാഹുവിലേക്കുള്ള സാമീപ്യവും അവൻെറയടുക്കൽ ഞങ്ങൾക്ക് ശുപാർശയുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മലക്കുകൾ, ഈസാ, മർയം, തുടങ്ങിയ സ്വാലിഹുകളായിരുന്നു അവർ. അപ്പോൾ അവരുടെ പിതാവായ ഇബ്റാഹീം (അ) നബിയുടെ മതത്തെ പുനരുദ്ധരിക്കാൻവേണ്ടി അല്ലാഹു മുഹമ്മദുനബി (സ) യെ അവരിലേക്ക് നിയോഗിച്ചു. ഈ സാമീപ്യംതേടലും തദടിസ്ഥാനത്തിലുള്ള ബന്ധങ്ങളെല്ലാം അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാണ്, അത് ഏതെങ്കിലും മലക്കിനോ, പ്രവാചകനോ, അവരല്ലാത്ത മറ്റാർക്കെങ്കിലുമോ വകവച്ചുകൊടുക്കാൻ പാടില്ലാത്തതുമാണ്. ഇതാണ് നബി (സ) അവരെ തെര്യപ്പെടുത്തിയത്.

---

1-അനസ് (റ)ഉദ്ധരിക്കുന്ന ശഫാഅത്തിൻെറ ഹദീസിൽ ഇങ്ങനെ കാണാം:( . . .അല്ലാഹു ആദ്യമായി നിയോഗിച്ച നൂഹിൻെറ അടുക്കൽ പോകൂ . . . ) [ബുഖാരി] അങ്ങനെ അവർ നൂഹ്(അ) ൻെറ അടുക്കൽ ചെന്ന് പറയും : നൂഹേ, താങ്കൾ ഭൂമിയിലേക്കുള്ള ഒന്നാമത്തെ പ്രവാചകനാണല്ലോ [ മുസ്ലിം, തുർമുദി ].

# തൗഹീദുറുബൂബിയ്യ

എന്നാൽ ഈ ബഹുദൈവവിശ്വാസികളും ഒരുകാര്യം അംഗീകരിക്കുന്നവരായിരുന്നു. അല്ലാഹു സ്രഷ്ടാവും, അന്നദാതാവും, ഏകനും, പങ്കുകാരില്ലാത്തവനുമാണെന്ന് അവരും സാക്ഷ്യം വഹിച്ചിരുന്നു. അവനല്ലാതെ മറ്റാരും ഉപജീവനം നൽകുന്നവനില്ല, അവനല്ലാതെ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവരില്ല, ഏഴാകാശഭൂമികളിലും അതിലുള്ളവരെല്ലാവരും അവന്റെ ദാസന്മാരും, അവന്റെ അധികാരത്തിലും, നിയന്ത്രണത്തിലും പെട്ടവരുമാകുന്നു എന്നും അവർ അംഗീകരിച്ചിരുന്നു. നബി(സ) ആയുധമെടുത്ത് അടരാടിയ ആ മുശ്‌രികുകൾ ഇത്തരം വിശ്വാസക്കാരായിരുന്നോ എന്ന് സംശയമുണ്ടെങ്കിൽ ഖുർആനിന്റെ ഈ വചനങ്ങൾ വായിച്ചുനോക്കൂ . പറയുക: ആകാശത്തുനിന്നും, ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? ജീവനില്ലാത്തതിൽ നിന്നും ജീവനുള്ളതും, ജീവനുള്ളതിൽനിന്നും ജീവനില്ലാത്തതും പുറപ്പെടുവിപ്പിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?[യൂനുസ്-31].

(നബിയേ,) ചോദിക്കുക, ഭൂമിയും അതിലുള്ളതും ആരുടേതാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: അല്ലാഹുവിന്റേതാണെന്ന്. നീപറയുക: എന്നാൽ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നില്ലേ? നീ ചോദിക്കുക: ഏഴുആകാശങ്ങളുടെ രക്ഷിതാവും, മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവും ആരാകുന്നു? അവർ പറയും: അല്ലാഹുവിനാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നീചോദിക്കുക: എല്ലാവസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെനിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: (അതെല്ലാം) അല്ലാഹുവിനുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽ

പെട്ടുപോകുന്നത്? [മുഅ്മിനൂൻ-84-87] ഈ ആശയത്തിലുള്ള മറ്റു വചനങ്ങളും ഖുർആനിൽ കാണാം.

ഇതെല്ലാം(2)അവർ അംഗീകരിച്ചിരുന്നു. എന്നിട്ടും നബി(സ) പ്രബോധനംചെയ്ത തൗഹീദിൽ അവരുൾപെട്ടിരുന്നില്ല എന്ന് വ്യക്തമാണ്.

## നബിയുടെ യുദ്ധം എന്തിന്?

അവർ നിഷേധിച്ചിരുന്നത് ആരാധനയിലുള്ള ഏകത്വമായിരുന്നു. ഇന്നത്തെ മുശ്‌രികുകൾ അതിന്ന് (വിശ്വാസം) എന്നാണ് പേര് നൽകിവരുന്നത്. അവർ രാപകൽ വ്യത്യാസമില്ലാതെ അല്ലാഹുവിനെ വിളിച്ചിരുന്നവരാണ്. പക്ഷെ അതിൻെറകൂടെ ശുപാർശക്കാരായും, ദൈവസാമീപ്യത്തിനുവേണ്ടിയും, കാര്യസാദ്ധ്യത്തിനുമെല്ലാം മലക്കുകളെയോ, ലാത്തയെപ്പോലുള്ള(3) പുണ്യാളന്മാരെയോ, ഈസായെപ്പോലുള്ള പ്രവാചകന്മാരെയോ വിളിച്ചുപ്രാർത്ഥിച്ചിരുന്നു. ഈ ശിർകിന്നെതിരെയാണ് നബി(സ) രണാങ്കണത്തിലിറങ്ങിയത്. പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു, അതിനാൽ നിങ്ങൾ അല്ലാഹുവിനോടൊപ്പം ആരെയും വിളിച്ചുപ്രാർത്ഥിക്കരുത് [ജിന്ന്-18] എന്ന ദൈവവചനത്തിൽ പറയപ്പെട്ട നിഷ്കളങ്കമായ ആരാധനയിലേക്കാണ് അദ്ദേഹം അവരെ ക്ഷണിച്ചത്.

---

2-തൗഹീദു റുബൂബിയ്യ = രക്ഷാകർതൃത്വത്തിലുള്ള ഏകത്വം.

3-ആദ്യകാലത്തെ ജനങ്ങളെല്ലാം ഏകദൈവവിശ്വാസികളായ ഒറ്റസമൂഹമായിരുന്നു. പിന്നീട് അവരിലും പാളിച്ചകൾവന്നുതുടങ്ങി. ആദ്യമായുണ്ടായപാളിച്ച പുണ്യപുരുഷന്മാരെ ആദരിക്കുന്നതിലുള്ളഅമിതത്വവും, അവരെ ആരാധിക്കപ്പെടുന്ന ദൈവസ്ഥാനീയരാക്കി വക്കലുമായിരുന്നു. സഹീഹുൽബുഖാരിയിൽ ഇങ്ങനെ കാണാം: ഇബ്നുഅബ്ബാസിൽനിന്നും നിവേദനംചെയ്യപ്പെടുന്നു: "അവർ പറഞ്ഞു :(ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത് [നൂഹ്-23] എന്ന ഖുർആൻവാക്യത്തിൻെറ വിശദീകരണത്തിൽ ഇബ്നുഅബ്ബാസ് (റ) പറയുന്നു: നൂഹ് നബി (അ) യുടെ ജനതയിലുണ്ടായിരുന്ന പുണ്യപുരുഷന്മാരുടെ പേരുകളാണിവ. അവർ മരിച്ചപ്പോൾ, അവർ ഇരുന്നിരുന്ന സ്ഥലത്ത് വല്ലപ്രതിഷ്ഠയും ഉണ്ടാക്കി, അതിന്ന് അവരുടെപേരിടുക എന്ന് പിശാച് ഈജനതക്ക് ദുർബോധനം നൽകി. അവർ അങ്ങനെചെയ്തു. അന്ന് അത് ആരാധിക്കപ്പെട്ടിരുന്നില്ല. ആതലമുറ നശിച്ചു. അവരോടൊപ്പം അവരുടെ ഉദ്ദേശ്യങ്ങളെല്ലാം മൺമറഞ്ഞപ്പോൾ ആ പ്രതിഷ്ഠകൾ ആരാധിക്കപ്പെട്ടു തുടങ്ങി. [ഫത്ഹുൽബാരി-8/535].

**അല്ലാഹു പറഞ്ഞു. അവനോടുള്ളത്മാത്രമാണ് ന്യായമായ പ്രാർത്ഥന, അവന്നുപുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നുവോ, അവരാരും അവർക്ക് യാതൊരു ഉത്ത രവും നൽകുന്നതല്ല** [റഅ്ദ്-14].

നബി(സ) അവരോട് യുദ്ധംചെയ്തത് എന്തിനായിരുന്നെന്ന് വ്യക്തമായല്ലോ. വിളിച്ചുപ്രാർത്ഥനമുഴുവൻ അല്ലാഹുവിനോട് മാ ത്രമാകാൻ, നേർച്ചകളും വഴിപാടുകളും അല്ലാഹുവിന്ന് മാത്രമാ കാൻ, ബുദ്ധിമുട്ടുകളിൽനിന്നുള്ള രക്ഷതേടൽ അല്ലാഹുവിനോ ടു മാത്രമാകാൻ. എന്നുവേണ്ട എല്ലാതരംആരാധനകളും അല്ലാ ഹുവിന്നു മാത്രമാകാൻ.

അല്ലാഹു ഏകനും രക്ഷിതാവുമാണെന്ന അവരുടെ വിശ്വാസം അവരെ ഇസ്ലാമിൽ പ്രവേശിപ്പിച്ചില്ല എന്നും മനസ്സിലായി. മല ക്കുകളെയും, അമ്പിയാക്കളെയും, ഔലിയാക്കളെയും വിളിച്ചുകൊ ണ്ടവർ അല്ലാഹുവിലേക്ക്സാമീപ്യവും ശുപാർശയുംതേടിയതു ത ന്നെയായിരുന്നു അവരുടെജീവനും സമ്പത്തും അനുവദനീയമാക്ക പ്പെടാൻ കാരണമായത്. പ്രവാചകന്മാർ പ്രബോധനം ചെയ്ത തും, മുശ്രികുകൾ അംഗീകരിക്കാൻ വിസമ്മതിച്ചതുമായ തൗഹീ ദ് എന്തായിരുന്നെന്ന് ഇതിൽനിന്നും വ്യക്തമാകും. ഈ തൗഹീ ദാണ് "ലാഇലാഹഇല്ലല്ലാഹ്"- ആരാധനക്കർഹൻ അല്ലാഹുവല്ലാ തെ മറ്റാരുമില്ല- എന്ന വാക്കിൻെറ അർത്ഥവും. മുശ്രികുകൾ ഇ ലാഹെന്ന് പറഞ്ഞിരുന്നത് ഈകാര്യങ്ങൾക്കെല്ലാംവേണ്ടി അവർ ഉ ദ്ദേശിച്ചിരുന്നവയെയാണ്. അത് മലക്കോ, പ്രവാചകനോ, വലി യ്യോ, ജിന്നോ, പുണ്യമരമോ, ഖബ്റോ ആകാം. ഇവരാരും സൃ ഷ്ടിപ്പും ശാസനാധികാരവുമുള്ള ദൈവങ്ങളാണെന്ന് അവരാരും വിശ്വസിച്ചിരുന്നില്ല. നടേപറഞ്ഞതുപോലെ അത് അല്ലാഹു മാത്ര മാണെന്ന് അവർക്കറിയാമായിരുന്നു. ഇന്നത്തെ മുശ്രികുകൾ ശൈഖ്, ഖ്വാജാ, സയ്യിദ്, നേർച്ചക്കാർ എന്നൊക്കെ പറയുന്നവ ക്കാണ്, അന്ന് അവർ ഇലാഹ്എന്ന് പറഞ്ഞിരുന്നത്. അങ്ങിനെ യിരിക്കെയാണ് ലാഇലാഹഇല്ലല്ലാഹ് എന്ന ഏകദൈവ വാക്യവു മായി നബി (സ) അവരുടെ ഇടയിലേക്ക് വന്നത്. ആ വാക്യം ഉച്ചരിക്കൽമാത്രമല്ല യഥാർത്ഥഉദ്ദേശ്യം. അതിൻെറ ആശയം ഉൾ കൊള്ളലാണ് മുഖ്യം. നബി (സ) ഈ വാക്യം പറയുമ്പോൾ,

ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കുക, അവനൊഴികെ ആരാധിക്കപ്പെടുന്നവയെ എല്ലാംവെടിയുക, അതിൽ നിന്നെല്ലാം മുക്തനാകുക എന്നൊക്കെയാണ് ഉദ്ദേശിക്കുന്നതെന്ന് വിഢികളായ സത്യനിഷേധികൾക്കുപോലും അറിയാമായിരുന്നു. നിങ്ങൾ ലാഇലാഹഇല്ലല്ലാഹ് പറയൂ, എന്ന് അദ്ദേഹം അവരോട് പറഞ്ഞപ്പോൾ അവരുടെമറുപടി; ഇവൻ പലദൈവങ്ങളെ ഒറ്റദൈവമാക്കിയിരിക്കയാണോ? തീർച്ചയായും ഇത് ഒരദ്ഭുതകരമായ കാര്യംതന്നെ (സ്വാദ്-5) എന്നായിരുന്നു.

ജാഹിലിയ്യത്തിൽ ജീവിച്ച കാഫിറിന്നുപോലും മനസ്സിലാക്കാൻ സാധിച്ച ഇക്കാര്യം, ഇസ്‌ലാമിൻെറ വക്താക്കളാണെന്ന് വാദിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയാതെ പോകുന്നു എന്നത് അദ്ഭുതകരമാണ്. ഇത് വ്യക്തമായി മനസ്സിലാക്കുന്നില്ല എന്ന് മാത്രമല്ല, ആശയം ഒന്നും ഉൾക്കൊണ്ടിട്ടില്ലെങ്കിലും, അത് നാവുകൊണ്ട് ഉച്ചരിച്ചാൽ മാത്രംമതി എന്ന മൗഢ്യവുമായി നടക്കുകയും ചെയ്യുന്നു. സ്രഷ്ടാവും, അന്നദാതാവും, പരിപാലകനും അല്ലാഹുവല്ലാതെ ഇല്ല എന്നതാണ് ഇവരിൽ അഗ്രഗണ്യന്മാർക്കുപോലും ഈ വാക്യത്തെകുറിച്ചുള്ള ധാരണ. "ലാഇലാഹഇല്ലല്ലാ"യുടെ ആശയം വിഢികളായകാഫിറുകൾ മനസ്സിലാക്കിയ അത്രപോലും മനസ്സിലാക്കാത്തവരിൽ ഒരുനന്മയും പ്രതീക്ഷിക്കേണ്ടതില്ല.

## തൗഹീദ് മനസ്സിലായാൽ

ഈ കാര്യങ്ങളും, തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലുംപൊറുക്കുകയില്ല, അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ് (നിസാഅ്-48) എന്ന് അല്ലാഹു പറഞ്ഞ ശിർകും, മുഴുവൻ പ്രവാചകരെയും അല്ലാഹു നിയോഗിച്ച മതത്തെകുറിച്ചും, അതല്ലാത്ത മതം അല്ലാഹു സ്വീകരിക്കുകയില്ലെന്നും മനസ്സിലാക്കിയാൽ, ഇക്കാര്യത്തെകുറിച്ച് ഭൂരിപക്ഷംജനങ്ങളും അകപെട്ടുപോയിട്ടുള്ള അജ്ഞതയെകുറിച്ച് നീ അറിയുകകൂടിചെയ്താൽ നിനക്ക് രണ്ടു കാര്യങ്ങൾ അനുഭവവേദ്യമാകും.

1-അല്ലാഹു അവൻെറഅപാരമായ കാരുണ്യത്താൽ താങ്കൾക്കു ചെയ്തുതന്നിട്ടുള്ള അനുഗ്രഹംനിമിത്തമുള്ള സന്തോഷം. പറ

**യുക; അല്ലാഹുവിൻെറ അനുഗ്രഹംകൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്** [യൂനുസ്-58]. അതികഠിനമായ ഭയവും താങ്കൾക്കു തോന്നും. കാരണം മനുഷ്യൻെറ നാവിൽ നിന്നുവരുന്ന ഒരു വാക്കുകൊണ്ടുമാത്രം അവൻ കാഫിറാകും. അറിവില്ലാതെയാണവൻ അതുപറഞ്ഞതെങ്കിൽപോലും. കാരണം ഇക്കാര്യത്തിൽ അറിവില്ലായ്മ ഒരുഒഴികഴിവല്ല. മക്കാമുശ്‌രികുകൾ വിചാരിച്ചതു പോലെത്തന്നെ, അത്,അല്ലാഹുവിലേക്ക് തന്നെ അടുപ്പിക്കുന്നതായിരിക്കും എന്ന ധാരണയിലായിരിക്കും പലപ്പോഴും അവനത് പറയുന്നത്. വിശിഷ്യ മൂസാനബിയുടെ നല്ലവരായജനത അദ്ദേഹത്തോട് ഹേമൂസാ, ഇവർക്കു ദൈവങ്ങളുള്ളതുപോലെ, ഞങ്ങൾക്കും **ഒരുദൈവത്തെ ഏർപ്പെടുത്തിത്തരണം** എന്നു പറഞ്ഞത് ചിന്തിച്ചു മനസ്സിലാക്കുമ്പോൾ ഭയവും, ഇതിൽനിന്നെല്ലാം രക്ഷനേടാനുള്ള വ്യഗ്രതയും താങ്കളിൽ ഇരട്ടിക്കും.

## തൗഹീദും ശത്രുക്കളും

തത്വജ്ഞാനിയായ അല്ലാഹു ഈ തൗഹീദുമായി അയച്ച ഒരു പ്രവാചകന്നും ശത്രുക്കളുണ്ടാകാതിരുന്നിട്ടില്ല. അല്ലാഹു പറയുന്നു **അപ്രകാരം ഓരോപ്രവാചകനും മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. കബളിപ്പിക്കുന്ന ഭംഗിവാക്കുകൾ അവർ പരസ്പരം ദുർബോധനം ചെയ്യുന്നു** [അൻആം-112]. തൗഹീദിൻെറ ശത്രുക്കളുടെപക്കലും ധാരാളം അറിവുകളും, ഗ്രന്ഥങ്ങളും, തെളിവുകളും ഉണ്ടായെന്നിരിക്കും. അല്ലാഹു പറയുന്നു, **അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെയടുത്ത് ചെന്നപ്പോൾ അവരുടെ പക്കലുള്ള അറിവുകൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്** [ഗാഫിർ-83]

അല്ലാഹുവിലേക്കുള്ളമാർഗ്ഗത്തിൽ ശത്രുക്കളുണ്ടാകും. തെളിവുകളും, വിവരണങ്ങളും, വാചാലതയുമായി പലരും ആ മാർഗ്ഗത്തിൽ ഇരിപ്പുണ്ടാകും എന്നും മനസ്സിലാക്കിയാൽ, ഈ പിശാചുക്കളോട് പോരടിക്കാനാവശ്യമായ മതവിജ്ഞാനമാകുന്ന ആയുധം

**തയ്യാറാക്കൽ നിനക്കു നിർബൻധമാകും. ഇവരുടെ നേതാവ് നിങ്ങളുടെ നാഥനോട് പണ്ട്പറഞ്ഞിട്ടുണ്ട്. നിൻെറ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെമുമ്പിലൂടെയും, പിന്നിലൂടെയും, അവരുടെവലതുഭാഗങ്ങളിലൂടെയും, ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെഅടുത്ത് ചെല്ലുകതന്നെചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല.** [അഅ്റാഫ്-16-17]

# ദുർബലവാദങ്ങൾ

പക്ഷെ നിങ്ങൾ അല്ലാഹുവിലേക്ക് തിരിഞ്ഞ്, അവൻെറ തെളിവുകളും വിശദീകരണങ്ങളുംശ്രദ്ധിച്ചാൽ നിങ്ങൾക്ക് യാതൊന്നും ഭയപ്പെടാനില്ല. **കാരണം. തീർച്ചയായും പിശാചിൻെറ കുതന്ത്രം ദുർബലമാകുന്നു** [നിസാഅ്-76]. ആയിരക്കണക്കിന് ശിർക്കൻ പണ്ഢിതന്മാരെ അതിജയിക്കാൻ സാധാരണക്കാരനായ ഒരൊറ്റ മുവഹ്ഹിദിന് കഴിയും. അല്ലാഹു പറയുന്നു. **തീർച്ചയായും നമ്മുടെസൈന്യം തന്നെയായിരിക്കും ജേതാക്കളായിരിക്കുക** [സ്വാഫാത്-173] അല്ലാഹുവിൻെറ സൈന്യം തന്നെയാണ് വാമൊഴിയിലും വരമൊഴിയിലും മുന്നിട്ടുനിൽക്കുക. ആയുധംകൊണ്ടും അവർതന്നെ വിജയിക്കും. നിരായുധനായി ഈമാർഗ്ഗത്തിൽ പ്രവേശിക്കുന്ന ഏകദൈവവിശ്വാസിക്കു മാത്രമേ വല്ലതും പേടിക്കേണ്ടതുള്ളു. എല്ലാകാര്യങ്ങൾക്കും വിശദീകരണവും സന്മാർഗ്ഗദർശനവും കീഴ്പെട്ടുജീവിക്കുന്നവർക്ക് സന്തോഷവാർത്തയും കാരുണ്യവുമായിക്കൊണ്ടാണ് അല്ലാഹു അവൻെറഗ്രന്ഥം നമുക്ക് നൽകിയിട്ടുള്ളത്. അസത്യവാദികൾ എന്തുതെളിവു കൊണ്ടുവന്നാലും അതിനെ നിഷേധിക്കാനും, അതിൻെറനിരർത്ഥത വെളിവാക്കാനും ഉതകുന്നതെളിവ് ഖുർആനിൽനിന്നും ലഭിക്കാതിരിക്കുകയില്ല. അല്ലാഹു പറയുന്നു. **അവർ ഏതൊരുപ്രശ്നവുംകൊണ്ട് നിൻെറയടുക്കൽ വരികയാണെങ്കിലും, അതിൻെറയാഥാർത്ഥ്യവും നല്ലവിവരണവും നിനക്കുനാം കൊണ്ടുവന്നു തരാതിരിക്കില്ല** [ഫുർഖാൻ-33] അന്ത്യനാൾവരെ മുഴുവൻഅസത്യവാദികളും കൊണ്ടുവന്നേക്കാവുന്ന തെളിവുകളെകുറിച്ചാണ് ഈ വചനം സൂചി

പ്പിക്കുന്നതെന്ന് ഖുർആൻവ്യാഖ്യാതാക്കൾ പറയുന്നു. അഭിനവ മുശ്‌രികുകൾ എഴുന്നള്ളിക്കുന്ന വാദങ്ങൾക്ക് അല്ലാഹു അവൻെറ ഗ്രന്ഥത്തിലൂടെ നൽകുന്ന ചിലമറുപടികൾ സൂചിപ്പിക്കാം. അസത്യവാദികൾക്കുള്ളമറുപടി രണ്ടിനമാകുന്നു. ഹ്യസ്വവും സമഗ്രവും.

## മറുപടികൾ

ബുദ്ധിയുള്ളവർക്ക് ഹ്യസ്വമായതിൽ തന്നെ വളരെയധികം ഗ്രഹിക്കുവാനുണ്ട്. അല്ലാഹു പറയുന്നു: (നബിയേ,) നിനക്കു വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിൻെറ മൗലികഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചിലവചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാനുദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിൻെറ സാക്ഷാൽവ്യാഖ്യാനം അല്ലാഹുവിന്ന് മാത്രമേ അറിയുകയുള്ളു [ആലുഇംറാൻ-7].

ആഇശഃ (റ)യിൽ നിന്നു നിവേദനം, റസൂൽ(സ) പറഞ്ഞു: അതിൽ (ഖുർആനിൽ) ആശയത്തിൽ സാദൃശ്യമുള്ളതിനെ പിൻപറ്റുന്നവരെ നിങ്ങൾ കണ്ടാൽ അവരെ നിങ്ങൾ കരുതിയിരിക്കുക. അവരെയാണ് അല്ലാഹു പേരെടുത്ത്പറഞ്ഞിട്ടുള്ളത് [ബുഖാരി-തുർമുദി]

ഉദാ:- ശ്രദ്ധിക്കുക, തീർച്ചയായും അല്ലാഹുവിൻെറ മിത്രങ്ങളാരോ, അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഖിക്കേണ്ടി വരികയില്ല[യൂനുസ്-62] എന്നവചനത്തെ മുശ്‌രികുകൾ ഉദ്ധരിക്കുന്നതുപോലെ. അല്ലെങ്കിൽ ശുപാർശ അതൊരു അവകാശമാണ് പ്രവാചകർക്ക് അല്ലാഹുവിൻെറയടുത്ത് (മനുഷ്യരെ സഹായിക്കാനുള്ള) ചില ജാഹുകളുണ്ട് എന്നിത്യാദി വാദങ്ങൾ, തങ്ങളുടെ നിരർത്ഥകവാദത്തിന് തെളിവായി നബി (സ)യുടെ വചനങ്ങൾ തെറ്റായി ഉദ്ധരിക്കൽ എന്നിവ.

അയാൾ പറഞ്ഞതിൻെറ യാഥാർത്ഥ്യം താങ്കൾക്കു മനസ്സിലായിക്കൊള്ളണമെന്നില്ല. അപ്പോൾ താങ്കൾ ഇപ്രകാരം പറയുക: മനസ്സിൽ വക്രതയുള്ളവർ ഖണ്ഡിതമായതിനെ ഉപേക്ഷിച്ച്, ആശ

യത്തിൽ സാദൃശ്യമുള്ളതിനെ പിൻതുടരുമെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. മക്കാമുശ്രികുകൾ അല്ലാഹുവിൻെറ രക്ഷാകർതൃത്വം (റുബൂബിയ്യത്) അംഗീകരിച്ചിരുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിൻെറയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ്[യൂനുസ്-18] എന്നു പറഞ്ഞുകൊണ്ട് മലക്കുകൾ, അമ്പിയാക്കൾ, ഔലിയാക്കൾ എന്നിവരുടെ പിന്നാലെ പോയതാണ് അവർചെയ്ത ശിർക് എന്ന് അല്ലാഹു പറയുന്നു. ഇതാണ് ഞാനും നിങ്ങൾക്ക് പറഞ്ഞുതന്ന കാര്യം.

ഒരാൾക്കും ആശയഭേദഗതിവരുത്താൻ കഴിയാത്ത, ഖണ്ഡിതമായകാര്യമാണിത്. ശിർകിൽഅകപ്പെട്ട മനുഷ്യാ, താങ്കൾ എന്നെ കേൾപ്പിച്ച ഖുർആൻ വാക്യങ്ങളുടെയും, നബിവചനങ്ങളുടെയും ആശയം എനിക്കറിയില്ല. പക്ഷെ ഒരുകാര്യം ഞാൻ തീർത്തു പറയാം; അല്ലാഹുവിൻെറ വചനത്തിൽ പരസ്പര വൈരുദ്ധ്യം കാണപ്പെടുകയില്ല. നബി (സ)യുടെ വചനവും ഒരിക്കലും അല്ലാഹുവിൻെറ വചനത്തിന് എതിരാവുകയില്ല. ഇതാണ് യഥാർത്ഥ മറുപടി.(4) പക്ഷെ അല്ലാഹു അനുഗ്രഹിച്ചവർക്കല്ലാതെ ഇതു മനസ്സിലാകുകയില്ല. താങ്കൾ അതിനെ പരിഹസിക്കരുത്. കാരണം അല്ലാഹു പറയുന്നു: **ക്ഷമകൈകൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല** [ഫുസ്വിലത്-35]

<u>സമഗ്ര മറുപടി:</u> പ്രവാചകമതത്തിൽ നിന്നും മനുഷ്യരെ തടയാൻ, ദൈവശത്രുക്കൾക്ക് പല തടസ്സവാദങ്ങളും ഉന്നയിക്കാനുണ്ട്. അതിൽ സുപ്രധാന വാദമാണ്"ഞങ്ങൾ അല്ലാഹുവിന്ന് പങ്കുകാരെ വക്കുന്നില്ല". മാത്രമല്ല, അല്ലാഹുവല്ലാതെ സ്രഷ്ടാവോ, അന്നദാതാവോ, ഉപകാരമോ, ഉപദ്രവമോ ചെയ്യുന്നവനോ ഇല്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ് എന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നവരുമാണ്. മുഹമ്മദ് നബി (സ) ക്ക് സ്വന്തം ശരീരത്തിന്പോലും ഉപകാരമോ, ഉപദ്രവമോചെയ്യാൻ സാദ്ധ്യമല്ലെ

4-സത്യത്തിൻെറ വക്താക്കൾ ഖുർആനും സുന്നത്തും ഉൾക്കൊണ്ടത് മുൻഗാമികളായ സഹാബത്തും, താബിഉകളും ഉൾക്കൊണ്ടതുപോലെയാണ്. അതുകൊണ്ട്- അല്ലാഹുവിൻെറ അനുഗ്രഹത്താൽ- അവരുടെ ധാരണകൾ പിഴക്കുകയില്ല.

ന്ന്'5) ഞങ്ങൾ സാക്ഷ്യംവഹിക്കുന്നു. എന്നിട്ടല്ലേ, അബ്ദുൽഖാദിർ ജീലാനിക്കോ(6) മറ്റോ സാധിക്കുക.

---

5- അല്ലാഹു പറയുന്നു: (നബിയേ,) പറയുക: എന്റെസ്വന്തം ദേഹത്തിനുതന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യം അറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളംഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും, വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുന്നവനും മാത്രമാണ്(അഅ്റാഫ്-188).
നബി (സ) തന്റെ കുടുംബക്കാരോട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിൽ നിന്നും നിങ്ങൾക്ക് വല്ലതും നേടിത്തരാൻ എനിക്കു സാധ്യമല്ല. മകൾ ഫാത്വിമയോട് നബി പറഞ്ഞു: മുഹമ്മദിന്റെ മകൾ ഫാത്വിമാ, എന്റെധനത്തിൽ നിന്നും നീ ഉദ്ദേശിച്ചത് ചോദിച്ചുകൊള്ളുക, അല്ലാഹുവിൽ നിന്നും വല്ലതും നിനക്കു നേടിത്തരുവാൻ എനിക്ക് സാധ്യമല്ല (ഫത്ഹുൽബാരി-8/360).
പ്രസിദ്ധസഹാബി ഉഥ്മാനുബ്നു മള്ഊനിന്റെ മരണവാർത്ത ഉദ്ധരിക്കുന്ന ഹദീസിൽ നബി (സ) പറയുന്നു: അല്ലാഹുവാണ, സത്യം, ഞാനൊരു പ്രവാചകനായിട്ടുപോലും, എന്നെക്കൊണ്ട് എന്തുചെയ്യപ്പെടുമെന്ന് എനിക്കറിയില്ല.(ബുഖാരി).
6-ശൈഖ് അബൂമുഹമ്മദ് അബ്ദുൽഖാദിർ ബിൻ അബീസ്വാലിഹ് അൽജീലാനി. പ്രശസ്ത ഐഹികവിരക്തൻ, ധാരാളം കറാമത്തുകളുടെയും, വിജ്ഞാനങ്ങളുടെയുംഉടമ, ഹമ്പലീമദ്ഹബിലെ പണ്ഡിതൻ. ഹി: 490ൽ ജീലാനിൽ ജനിച്ചു. (491ലാണെന്നും അഭിപ്രായമുണ്ട്). യുവാവായിരിക്കെ ബഗ്ദാദിൽവന്നു. അവിടെ വച്ച് ബാഖില്ലാനി, ഇബ്ൻഹറുസ്സിറാജ്, അബൂബകറുബ്നുസൂസ്, തുടങ്ങിയവരിൽ നിന്നും ഹദീസിൽ പാണ്ഡിത്യം നേടി. അബൂസകരിയ്യാ ത്വബ്രീസിയെപ്പോലുള്ള പണ്ഡിതരിൽ നിന്നും അറബിസാഹിത്യം പഠിച്ചു. ഇബ്നുസ്സംആനി അദ്ദേഹത്തെകുറിച്ച് രേഖപ്പെടുത്തുന്നു: ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന് വലിയ സ്വീകാര്യതലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ മതവിശ്വാസത്തിലും, സദ്വൃത്തതയിലും അവർക്ക് വിശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ സംസാരവും പ്രസംഗങ്ങളും അവർക്ക് വളരെയധികം ഉപകരിച്ചു. അദ്ദേഹംമുഖേന അഹ്ലുസുന്നത്തിന് വിജയം ലഭിച്ചു. അദ്ദേഹത്തിന്റെ വാക്കുകളും, പ്രവർത്തനങ്ങളും, കറാമത്തുകളും പുകൾ പെറ്റതായിത്തീർന്നു.
നബിചര്യക്ക് യോജിച്ചുകൊണ്ട് തൗഹീദ്, അല്ലാഹുവിന്റെ വിശേഷണങ്ങൾ, വിധി (ഖദ്ർ), മറ്റുവിജ്ഞാനീയങ്ങൾ എന്നിവയിൽ അദ്ദേഹത്തിന്റെ പ്രസിദ്ധ വാക്കുകൾ ധാരാളമാണ്. "ഗുൻയത്തു ത്വാലിബി ത്വരീഖതിൽഹഖി അസ്സ്വജൽ" എന്ന അദ്ദേഹത്തിന്റെഗ്രന്ഥം പ്രസിദ്ധമാണ്. അലിയ്യുബ്നു ഇദ്രീസ് ഒരിക്കൽ ശൈഖ് ജീലാനിയോട് ചോദിച്ചു: അഹ്മദുബ്നു ഹമ്പലിൻേറത് (അഹ്ലുസുന്നത്തി വൽജമാഅത്തിന്റെത്) അല്ലാത്ത വിശ്വാസപ്രകാരം അല്ലാഹുവിന്റെ വല്ല വലിയ്യും ഉണ്ടായിട്ടുണ്ടോ? ശൈഖ്: ഉണ്ടായിട്ടില്ല, അങ്ങിനെ ഉണ്ടാകുകയുമില്ല. അബൂസഈദുസ്സംആനി, ഹാഫിദ് അബ്ദുൽഗനി എന്നിവരും അദ്ദേഹത്തിൽ നിന്നും വിജ്ഞാനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കാലത്തെ ഇമാമും, ശൈഖന്മാരുടെ ശൈഖുമായിരുന്നു. ഹി:561ൽ നിര്യാതനായി.

പക്ഷെ ഞാൻ പാപിയാണ്. പുണ്യാളന്മാർക്കാണെങ്കിൽ അല്ലാഹുവിൻെറയടുക്കൽ ചിലസ്ഥാനങ്ങളുണ്ട്. അതുകൊണ്ട്(7) ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. ഇതിന്നു കൊടുക്കേണ്ട മറുപടി മുമ്പുപറഞ്ഞതു തന്നെ. അതായത്, നബി (സ) യുദ്ധംചെയ്ത കൂട്ടരും താങ്കൾപറഞ്ഞ കാര്യങ്ങൾ അംഗീകരിച്ചിരുന്നു. അവരുടെ വിഗ്രഹങ്ങൾ യാതൊന്നിനെയും നിയന്ത്രിക്കുന്നില്ല എന്ന് അവർ അംഗീകരിച്ചിരുന്നു. അവർ അവയിൽനിന്നും പ്രതീക്ഷിച്ചിരുന്നത് സാമീപ്യവും, ശുപാർശയും മാത്രമായിരുന്നു.

അതിന്നു തെളിവായുള്ള ഖുർആൻവചനങ്ങൾ താങ്കൾ അയാൾക്ക് ഓതിക്കൊടുക്കുക. അപ്പോൾ അവർ ഇങ്ങനെ പറയും: ഈ ഖുർആൻ വചനങ്ങളെല്ലാം വിഗ്രഹാരാധകരായ മക്കാമുശ്രികുകളുടെ കാര്യത്തിൽ ഇറങ്ങിയവയാണ്. എങ്ങനെയാണ് ഈ പുണ്യാളന്മാരെയും പ്രവാചകരെയും വിഗ്രഹസമാനമാക്കുക? അതിനുള്ള മറുപടിയും മുമ്പ് നാം പറഞ്ഞു. കാഫിറുകളും അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തെ മുഴുവനായി അംഗീകരിച്ചിരുന്നു. അവരുടെ ആരാധ്യന്മാരിൽനിന്നും അവരുദ്ദേശിച്ചിരുന്നത് ശഫാഅത് -ശുപാർശ- ആയിരുന്നുഎന്ന് അവരും സമ്മതിക്കുന്നുണ്ട്. ഇനി ഇപ്പറഞ്ഞതുകൊണ്ട് കാഫിറുകളുടെയും, തൻെറയും പ്രവർത്തികൾ വേർതിരിക്കാനാണ് അയാൾ ഉദ്ദേശിക്കുന്നതെങ്കിൽ,അവരോട് പറയുക: കാഫിറുകളുടെ കൂട്ടത്തിൽ വിഗ്രഹങ്ങളെയും പുണ്യപുരുഷന്മാരെയും വിളിച്ചുപ്രാർത്ഥിച്ചിരുന്നവരുണ്ടായിരുന്നു. ആ ഔലിയാക്കളെകുറിച്ച് അല്ലാഹു പറയുന്നു: അവർ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ, അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കയാണ്, അതെ അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു) ഇസ്റാഅ്-57.

ഈസായെയും, മർയമിനെയും വിളിച്ചുപ്രാർത്ഥിച്ചവരുണ്ടായിരുന്നു. അല്ലാഹു പറയുന്നു: **മർയമിൻെറമകൻ മസീഹ് ഒരു**

7-സമീപസ്ഥനും, പ്രാർത്ഥനക്ക് ഉത്തരം നൽകുന്നവനുമായ അല്ലാഹുവിൻെറയും തങ്ങളുടെയുമിടയിൽ ഇവരെ മദ്ധ്യവർത്തികളാക്കി അവർമുഖേന ചോദിക്കുന്നു. ഇതാണ് മരിച്ചവരെആരാധിക്കുന്നവരുടെ ക്രമം. ഇത് കുഫ്റാണെന്ന് പണ്ഡിതർ ഐക്യകണ്ഠേന അഭിപ്രായപ്പെട്ട കാര്യമാകുന്നു.

ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിനു മുമ്പ് ദൈവദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിൻെറമാതാവ് സത്യവതിയാകുന്നു. അവരിരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. നോക്കൂ, നാം അവർക്ക് എങ്ങനെയെല്ലാം ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നുവെന്ന്. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽനിന്നും) തെറ്റിക്കപ്പെടുന്നതെന്ന്. (നബിയേ,) പറയുക: അല്ലാഹുവിനെകൂടാതെ നിങ്ങൾക്ക് ഉപകാരമോ, ഉപദ്രവമോചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു [മാഇദ-75-76]

## ആരാധിക്കപ്പെട്ടവർ നിഷേധിക്കും

അയാൾക്ക് ഈവചനങ്ങൾകൂടി പറഞ്ഞുകൊടുക്കുക. അല്ലാഹു പറയുന്നു: അവരെമുഴുവൻ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു.) എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും; നിങ്ങളെയാണോ ഈ കൂട്ടർ ആരാധിച്ചിരുന്നത്? അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അവരല്ല. എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്. അവരിൽ അധികപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ [സബഅ്-40-41].

അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക): മർയമിൻെറ മകനായ ഈസാ, "അല്ലാഹുവിന്നുപുറമെ എന്നെയും, എൻെറ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ" എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ നീ തീർച്ചയായും അറിഞ്ഞിരിക്കുമല്ലോ. എൻെറ മനസ്സിലുള്ളത് നീഅറിയും, നിൻെറ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ [മാഇദ-116].

വിഗ്രഹങ്ങളുടെ ഉപാസകരെയും, ഔലിയാക്കളെ ഉദ്ദേശിച്ചവരെയും അല്ലാഹു കാഫിറാക്കിയത് കണ്ടോ? അവരോടാണ് പ്രവാചകൻ (സ) പടപൊരുതിയതെന്ന് മനസ്സിലായോ?

# സാമീപ്യംതേടൽ ശിർക്

ഇനി അയാൾ ഇങ്ങനെപറഞ്ഞേക്കും: കാഫിറുകൾ അവരിൽ നിന്നും കാര്യസാദ്ധ്യം പ്രതീക്ഷിച്ചിരുന്നു. ഞാൻ അല്ലാഹുവാണ് ഉപകാരവും ഉപദ്രവവും എല്ലാകാര്യങ്ങളുടെയും നിയന്ത്രണവും ചെയ്യുന്നതെന്ന് സാക്ഷ്യംവഹിക്കുന്നുണ്ടല്ലോ. അല്ലാഹുവിൻെറയടുക്കൽ നിന്നല്ലാതെ ഞാൻ കാര്യസാദ്ധ്യം പ്രതീക്ഷിക്കുന്നുമില്ല. പുണ്യാളന്മാർക്കൊന്നും അതിന്ന്സാദ്ധ്യമല്ല. പക്ഷെ ഞാനവരെ വിളിക്കുമ്പോൾ അവരുടെശുപാർശ മാത്രമാണ് പ്രതീക്ഷിക്കുന്നത്.

അതിന്നിപ്രകാരം മറുപടി നൽകാം: കാഫിറുകളുടെ വാദവും ഇതുതന്നെയാണ്. അല്ലാഹു പറയുന്നു: **അവന്നു (അല്ലാഹുവിന്നു)പുറമെ രക്ഷാധികാരികളെസ്വീകരിച്ചവർ (പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽഅടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾഅവരെ ആരാധിക്കുന്നത്[സുമർ-3]. ഇവർ -ആരാധ്യർ- അല്ലാഹുവിൻെറഅടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്നുപറയുകയും ചെയ്യുന്നു [യൂനുസ്-18]**

ഇപ്പറയപ്പെട്ട മൂന്നെണ്ണമാണ്(8) അവരുടെ തെറ്റിദ്ധാരണ. ഇതുതന്നെയാണ് അല്ലാഹു അവൻെറഗ്രന്ഥത്തിൽ വിശദീകരിച്ചതെന്ന് നിങ്ങൾക്ക് വ്യക്തമായിമനസ്സിലായാൽ അതിന്നുശേഷമുള്ളതെല്ലാം അയത്നലളിതമായിരിക്കും. ഇനി ഇങ്ങനെയും പറഞ്ഞേക്കും: ഞാൻ അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നില്ല. ഇവരോടെല്ലാമുള്ളവിളി ആരാധനയല്ല.

# പ്രാർത്ഥന തന്നെ ആരാധന

അപ്പോൾ താങ്കൾപറയുക: ആരാധന അല്ലാഹുവിന്ന് മാത്രമേ ചെയ്യാവൂ. അത് താങ്കൾക്ക് അല്ലാഹുവിനോടുള്ള കടമയാണ് എന്നെല്ലാം താങ്കൾ അംഗീകരിക്കുന്നുണ്ടല്ലോ. തുടർന്ന് ആരാധന

---

8-1- ഞങ്ങൾ അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കുന്നില്ല. 2- നിങ്ങൾ പറയുന്ന ഖുർആൻ വചനങ്ങളെല്ലാം കാഫിറുകളുടെ വിഷയത്തിൽ അവതീർണ്ണമായവയാണ്. 3-കാഫിറുകൾ ആരാധ്യരിൽനിന്നും കാര്യസാദ്ധ്യം പ്രതീക്ഷിച്ചിരുന്നു.

എന്താണെന്നും അതിൻെറഇനങ്ങൾ ഏതെല്ലാമാണെന്നും അയാൾക്ക് വിശദമാക്കിക്കൊടുക്കുക. അല്ലാഹുപറയുന്നു: താഴ്മയോടുകൂടിയും, രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധിവിട്ടുപോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെയില്ല. [അഅ്റാഫ്-55] ഇതുപഠിപ്പിച്ച ശേഷം ചോദിക്കുക; ഈപ്രാർത്ഥന അല്ലാഹുവിനുള്ള ആരാധനയാണെന്ന് മനസ്സിലായോ? തീർച്ചയായും അയാൾപറയും: അതെ, പ്രാർത്ഥന അതുതന്നെയാണ് ആരാധന(9). ചോദിക്കുക; ഇത് ആരാധനയാണെന്ന് താങ്കളും അംഗീകരിക്കുന്നു. രാപകലില്ലാതെ ഭയ-പ്രതീക്ഷാദികളോടെ അല്ലാഹുവിനെ വിളിക്കുകയും ചെയ്യുന്നു. പിന്നെ മറ്റുവല്ലആവശ്യവും നേരിടുമ്പോൾ നബിയെയോ മറ്റോ താങ്കൾ വിളിക്കുന്നു. ഇതുമൂലം താങ്കൾ അല്ലാഹുവിനുള്ള ആരാധനയിൽ പങ്കുചേർക്കുകയല്ലേ ചെയ്യുന്നത്?

അവൻ പറയും: അതെ. തുടർന്ന്പറയുക:ആകയാൽ നീ നിൻെറ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുക, ബലിയർപ്പിക്കുകയും ചെയ്യുക [കൗഥർ-2] എന്ന ഖുർആൻവചനം മനസ്സിലാക്കിയ താങ്കൾ അല്ലാഹുവിനെ അനുസരിച്ച് അവന്ന് ബലിയർപ്പിക്കുന്നു. ഇത് ആരാധനയാണോ? അയാൾപറയും: അതെ. ഒരു ഉപചോദ്യം പ്രസക്തമാണ്. താങ്കൾ ബലിയർപ്പിക്കുന്നത് ഒരു സൃഷ്ടിക്ക്-നബിയോ, ജിന്നോ ആകട്ടെ- ആണെങ്കിൽ, ഈ ആരാധനയിൽ താങ്കൾ പങ്കുചേർക്കുകയല്ലേ? അതിനുള്ള മറുപടിയും അതെ എന്നു തന്നെയായിരിക്കും.

ഇതുകൂടിചോദിക്കുക; ഖുർആൻ അവതീർണ്ണമായ കാലത്തെ ബഹുദൈവവിശ്വാസികൾ മലക്കുകൾ, പുണ്യാളന്മാർ, ലാത്ത മുതലായവരെ ആരാധിച്ചിരുന്നുവോ? അയാൾ പറയും: അതെ. അവരുടെ ആരാധനയും പ്രാർത്ഥന, ബലി,അഭയംതേടൽ ഇതിലെല്ലാം തന്നെയായിരുന്നില്ലേ? അതായത് തങ്ങളെല്ലാവരും അല്ലാഹുവിൻെറ ദാസന്മാരും, അവൻെറ അധികാരത്തിൻ കീഴിലുള്ളവരുമാണെന്നും, അല്ലാഹു എല്ലാകാര്യങ്ങളും നിയന്ത്രിക്കുന്നവനുമാണെന്നും അവർ അംഗീകരിച്ചിരുന്നു. എന്നിട്ടും അവർ ഇവരെ വിളിച്ചു പ്രാർത്ഥിച്ചത് അവരുടെ ജാഹും, ശഫാഅതും കൊതിച്ചു

9-തുർമുദി, ഹാകിം, ഇബ്നുമാജ

കൊണ്ടായിരുന്നു. ഇതും വ്യക്തമാണല്ലോ.

## ശഫാഅതിനെ നിഷേധിക്കുകയോ?

അടുത്തചോദ്യം ഇങ്ങനെയായിരിക്കും. നബി (സ)യുടെ ശഫാഅത്-ശുപാർശ- താങ്കൾ നിഷേധിക്കുന്നില്ലേ?

പറയുക. ഇല്ല. ഞാനത് നിഷേധിക്കുകയോ, ഒഴിഞ്ഞുമാറുകയോ ചെയ്യുന്നില്ല. മാത്രമല്ല അദ്ദേഹം ശുപാർശ ചെയ്യുന്നയാളും, ആ ശുപാർശ സ്വീകാര്യവുമാണെന്നും(10) ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിൻെറ ശുപാർശ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

പക്ഷെ ശുപാർശ മുഴുവൻ അല്ലാഹുവിന്നുള്ളതാകുന്നു. അല്ലാഹുപറയുന്നു. **പറയുക, അല്ലാഹുവിന്നാകുന്നു ശുപാർശ മുഴുവനും**[സുമർ-44] ഇതും അല്ലാഹുവിൻെറ സമ്മതം കൂടാതെ ചെയ്യാൻ സാദ്ധ്യമല്ല. അല്ലാഹു പറയുന്നു. **അവൻെറ അനുവാദ പ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശനടത്താനാരുണ്ട്?** [ബഖറ-255] ആ ശുപാർശയും അല്ലാഹു ഇഷ്ടപ്പെട്ടവർക്ക്-ഏകദൈവവിശ്വാസികൾക്കു-വേണ്ടിയല്ലാതെ നടത്താൻ അനുവാദം ലഭിക്കില്ല. അല്ലാഹുപറയുന്നു. **ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്നും ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല**[ആലുഇംറാൻ-85].

ശുപാർശ മുഴുവൻ അല്ലാഹുവിന്ന്, സമ്മതം കൂടാതെ അതു ചെയ്യുവാൻ സാദ്ധ്യമല്ല, നബി (സ)യോ, മറ്റാരെങ്കിലുമോ സമ്മതം കൂടാതെ ഒരാൾക്കുംവേണ്ടി ശുപാർശ ചെയ്യുകയില്ല, ഏകദൈവ വിശ്വാസികൾക്കു വേണ്ടിയല്ലാതെ അല്ലാഹു ശുപാർശക്ക് അനുവാദം നൽകുകയില്ല. കാര്യം ഇങ്ങനെയായിരിക്കെ, ഒരുവസ്തുത വളരെ വ്യക്തമാണ്. ശുപാർശമുഴുവൻ അല്ലാഹുവിൻേറത് മാത്രാണ്. അതുകൊണ്ട് ഞാനത് അല്ലാഹുവിനോട് ചോദിക്കുന്നു.

---

10-അനസ്(റ)ൽ നിന്നുനിവേദനം, നബി(സ) പറഞ്ഞു. സ്വർഗ്ഗത്തിലെ ഒന്നാമത്തെ ശുപാർശകൻ ഞാനായിരിക്കും [മുസ്ലിം].
ഞാനായിരിക്കും ഭൂമിയിൽനിന്നും ആദ്യമായിപുറത്തുവരുന്നത്. ഒന്നാമത്തെ ശുപാർശകനും, ശുപാർശ സ്വീകരിക്കപ്പെടുന്നവനും ഞാൻ തന്നെ. [അൽബാനി]

ഞാനിപ്രകാരമാണ് ചോദിക്കാറുള്ളത്, അല്ലാഹുവേ, അദ്ദേഹത്തിന്റെ (നബിയുടെ)ശുപാർശ നീ എനിക്ക്തടയരുതേ, എന്റെ കാര്യത്തിൽ അദ്ദേഹത്തെ നീ ശുപാർശകനാക്കേണമേ. അടുത്ത വാദം ഇതായിരിക്കും, നബി(സ)ക്ക് ശുപാർശക്കുള്ള അധികാരം നൽകപ്പെടുന്നതുകൊണ്ട്, അദ്ദേഹത്തോട് ഞാനത് ചോദിക്കുന്നു എന്നല്ലേയുള്ളൂ?

ഉത്തരം: അല്ലാഹു അദ്ദേഹത്തിന് ശുപാർശക്ക് അർഹത നൽകിയിട്ടുണ്ട്. **നിങ്ങൾ അല്ലാഹുവിനോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്**[ജിന്ന്-18] എന്നുപറഞ്ഞുകൊണ്ട് പ്രാർത്ഥനയെ വിലക്കുകയും ചെയ്തു. നബി (സ)യെ താങ്കളുടെ കാര്യത്തിൽ ശുപാർശകനാക്കാൻ അല്ലാഹുവിനോട്പ്രാർത്ഥിച്ചാൽ താങ്കൾ മേൽ ഖുർആൻവചനത്തെ അനുസരിച്ചു. നബി (സ) അല്ലാത്തവർക്കും ശുപാർശക്ക് അർഹതനൽകപ്പെടും. മലക്കുകൾ, പിഞ്ചുകുഞ്ഞുങ്ങൾ(11), ഔലിയാക്കൾ(12) എന്നിവരെല്ലാം ശുപാർശ ചെയ്യുമെന്ന് നബി (സ)യിൽ നിന്നും സ്ഥിരപ്പെട്ടിരിക്കുന്നു. അവർക്ക് ശുപാർശക്കധികാരം നൽകപ്പെട്ടിട്ടുണ്ടെങ്കിൽ ഞാനവരോട് ചോദിക്കും എന്നാണോ താങ്കൾ പറയുന്നത്? ഇതാണ് താങ്കളുടെ വാദമെങ്കിൽ, ഖുർആനിൽ അല്ലാഹുപറഞ്ഞ പുണ്യാളന്മാരെ ആരാധിക്കുന്നതിലേക്ക് മടങ്ങുകയാണ് താങ്കൾ. അല്ല, എന്നാണ് മറുപടിയെങ്കിൽ, അല്ലാഹു അവർക്ക് നൽകിയത് ഞാൻ അവരോട് ചോദിക്കും എന്നവാദം നിരർത്ഥകവുമാണ്.

---

11-നബി (സ) പറഞ്ഞു, ഒരുമുസ്ലിമിന്റെ തെറ്റുചെയ്യാത്ത മൂന്നുപിഞ്ചുമക്കൾ മരിച്ചാൽ, അവരോട് അല്ലാഹുവിനുള്ള കാരുണ്യം നിമിത്തം, അവനെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കില്ല [ബുഖാരി]

12-അബൂസഈദിൽഖുദ്രി(റ)യിൽ നിന്നു നിവേദനം, അല്ലാഹു പറയും, മലക്കുകൾ ശുപാർശചെയ്തു, പ്രവാചകരും ശുപാർശ ചെയ്തു, സത്യവിശ്വാസികളും ശുപാർശചെയ്തു. കാരുണ്യവാന്മാരിൽ കാരുണ്യവാൻ (അല്ലാഹു)അല്ലാതെ ഇനി ബാക്കിയില്ല. തുടർന്ന് അല്ലാഹു നരകത്തിൽ നിന്നും ഒരുപിടി എടുത്ത്, ഒരു നന്മയും ചെയ്തിട്ടില്ലാത്ത ഒരുവിഭാഗത്തെ നരകത്തിൽനിന്നും പുറത്താക്കും [മുസ്ലിം]

## ശിർക് മഹാപാപം

അടുത്തവാദം ഇതായിരിക്കും. ഞാൻ അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കുന്നില്ല. ഒരിക്കലും അങ്ങനെ ചെയ്യുകയുമില്ല. പക്ഷെ പുണ്യാളന്മാരോടുള്ളതേട്ടം ശിർക്കല്ല.

അയാളോട് ചോദിക്കുക: വ്യഭിചാരത്തെക്കാൾ ഗുരുതരമായിട്ടാണ് അല്ലാഹു ശിർകിനെ നിഷിദ്ധമാക്കിയിട്ടുള്ളത്, അല്ലാഹു അതൊരിക്കലും പൊറുത്തുതരികയില്ല എന്നെല്ലാം താങ്കൾ അംഗീകരിക്കുന്നുണ്ടെങ്കിൽ ഈ പൊറുത്തുതരാത്ത നിഷിദ്ധകാര്യം എന്താണെന്നറിയാമോ? അയാൾക്കറിയില്ല. അയാൾക്കു പറഞ്ഞുകൊടുക്കുക. ശിർക് എന്താണെന്നറിയാതെ, താങ്കൾ പിന്നെ എങ്ങനെ അതിൽനിന്ന് മോചിതനാകും? നിങ്ങൾ ആരോടും ചോദിക്കാതെ, പഠിക്കാതിരുന്നാൽ അല്ലാഹു പിന്നെങ്ങനെയാണ് താങ്കൾക്കതു നിഷിദ്ധമാക്കുക, പൊറുത്തു തരില്ലെന്ന് പറയുക?

അല്ലാഹു ഒരുകാര്യം നിഷിദ്ധമാക്കിയിട്ട് നമുക്കത് വിശദീകരിച്ചു തന്നില്ലെന്നാണോ താങ്കളുടെ ധാരണ?

## ശിർക് വിഗ്രഹാരാധന മാത്രമോ?

ഇതിന്നു മറുപടിയായി "ശിർക് എന്നാൽ വിഗ്രഹാരാധനയാണ്, ഞങ്ങൾ വിഗ്രഹാരാധന നടത്തുന്നില്ല" എന്നാണ് പറയുന്നതെങ്കിൽ അയാളോട് ചോദിച്ചു നോക്കൂ: എന്താണ് വിഗ്രഹാരാധന എന്നതിൻെറ അർത്ഥം? ആ കല്ലുകളും മരങ്ങളും, അവരോട് പ്രാർത്ഥിച്ചവരെ സൃഷ്ടിച്ച, ഉപജീവനം നൽകിയ, നിയന്ത്രണാധികാരമുള്ളവരാണെന്ന് അവർ വിശ്വസിച്ചിരുന്നെന്ന് താങ്കൾ വിചാരിക്കുന്നുണ്ടോ?

ഇതിനെ ഖുർആൻ ഖണ്ഡിച്ചിട്ടുണ്ട്(13). കല്ല്, മരം, ജാറം എന്നിവയുടെ ഉപാസകർ അവരോട് പ്രാർത്ഥിക്കുന്നതും, വഴിപാടു

13-പറയുക: ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്നും ജീവനുള്ളതും, ജീവനുള്ളതിൽ നിന്നും ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? അവർ പറയും അല്ലാഹു എന്ന്. അപ്പോൾപറയുക: എന്നിട്ടുംനിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? (യൂനുസ്-31)

കൾ നടത്തുന്നതും അവരെ അല്ലാഹുവിലേക്ക് അടുപ്പിക്കുവാൻ വേണ്ടിയും, അവയുടെ അനുഗ്രഹം (ബർകത്) കൊണ്ട് അവരിൽ നിന്നും അല്ലാഹു വിഷമം നീക്കുവാനും, നന്മനൽകാനും വേണ്ടി യാണെന്ന് പറഞ്ഞാൽ, അവരോട് പറയുക. താങ്കൾ സത്യമാണ് പറഞ്ഞത്. അവയുടെയൊക്കെ അടുക്കൽ ഇന്ന് നിങ്ങൾ ചെയ്യു ന്ന പണിയും ഇതുതന്നെ. അവരുടെ ഈ പ്രവൃത്തി തന്നെയാണ് വിഗ്രഹാരാധന എന്ന് ഞാനും അംഗീകരിക്കുന്നു. ഈ പ്രതികര ണം തന്നെയായിരുന്നു ഞാൻ ഏറെനേരമായി പ്രതീക്ഷിച്ചിരുന്ന തും. ശിർക് എന്നാൽ വിഗ്രഹാരാധനയാണെന്ന് താങ്കൾ പറഞ്ഞു വല്ലോ? അതിനുമാത്രമേ ശിർകെന്ന്പറയുകയുള്ളു എന്നാണോ താങ്കൾ അതുകൊണ്ടുദ്ദേശിക്കുന്നത്? പുണ്യാളന്മാരെ വിളിക്കലും പ്രാർത്ഥിക്കലും ഇതിലുൾപ്പെടുകയില്ലേ? മലക്കുകൾ, ഈസാ, പുണ്യപുരുഷന്മാർ എന്നിവരോടെല്ലാം സഹായം തേടിയവർ കാ ഫിറുകളാണെന്ന് പറഞ്ഞ ഖുർആൻ വാക്യത്തിന്ന് വിരുദ്ധമാണിത്.

പുണ്യാളന്മാരെ ആരെയെങ്കിലും അല്ലാഹുവിനുള്ള ആരാധ നയിൽ പങ്കുചേർത്താൽ അതുതന്നെയാണ് ഖുർആനിൽ പ്രസ് താവിക്കപ്പെട്ട ശിർക് എന്നുസമ്മതിക്കാൻ അവൻ നിർബന്ധിത നാകും. അതുതന്നെയാണ് നമ്മുടെ ആവശ്യവും.

ഞാൻ അല്ലാഹുവിൽ പങ്കുചേർക്കുന്നില്ലെന്നാണ് പറയുന്നതെ ങ്കിൽ, ചോദിക്കുക. എന്താണ് ശിർക്? എനിക്കതൊന്ന് വിശദീക രിച്ചു തന്നാലും. അതു വിഗ്രഹാരാധനയാണെന്ന് പറഞ്ഞാൽ ചോ ദിക്കുക. എന്താണ് വിഗ്രഹാരാധന? ഒന്നുവിശദീകരിച്ചാലും. ഞാ ൻ അല്ലാഹുവിനെ മാത്രമേ ആരാധിക്കുന്നുള്ളു എന്നാണ് പറയു ന്നതെങ്കിൽ ചോദിക്കുക. അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതിൻെറഅർത്ഥം വിശദമാക്കിക്കൂടേ? ഖുർആൻ പറഞ്ഞ രൂപ ത്തിൽ തന്നെയാണ് വിശദീകരണമെങ്കിൽ നമ്മുടെ ലക്ഷ്യത്തി ലെത്തി.

ഇനി ഇബാദത്,ശിർക് ഇതൊന്നും അയാൾക്കറിയില്ലെങ്കിൽ, അറിയാത്ത കാര്യം അയാൾ എങ്ങനെ വാദിക്കും? ദുർവ്യാഖ്യാന മാണ് നടത്തുന്നതെങ്കിൽ, ഇന്ന് അവർ നടത്തിക്കൊണ്ടിരിക്കുന്ന അതേ പ്രവൃത്തി തന്നെയാണ് വിഗ്രഹാരാധന,ശിർക് എന്നെല്ലാം വ്യക്തമാക്കുന്ന ഖുർആൻ വചനങ്ങൾ പറഞ്ഞുകൊടുക്കുക.

**പങ്കുകാരില്ലാത്തവിധം ഏകനായ അല്ലാഹുവിനുള്ള ആരാധന യെയാണ് നമ്മളോടവർ നിഷേധിക്കുന്നത്. ഇതുതന്നെയാണ് അവരുടെ മുൻഗാമികളും കൂകിവിളിച്ചു നടന്നിരുന്നത്. അവർ പ റഞ്ഞു, ഇവൻ പലദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്ക യാണോ? തീർച്ചയായും ഇത് ഒരദ്ഭുതകരമായ കാര്യംതന്നെ** [സ്വാദ്:5].

## അല്ലാഹുവിനു സന്താനങ്ങളോ?

അടുത്തവാദം: അവർ (മക്കാമുശ്‌രികുകൾ) മലക്കുകളെയും, അമ്പിയാക്കളെയും വിളിച്ചു പ്രാർത്ഥിച്ചതുകൊണ്ടല്ല കാഫിറായത്. മലക്കുകൾ അല്ലാഹുവിൻെറ പെൺമക്കളാണെന്ന് പറഞ്ഞതു കൊണ്ടാണ്. അബ്ദുൽഖാദിർജീലാനിയോ, മറ്റോ ദൈവപുത്രന്മാ രാണെന്ന് ഞങ്ങൾ പറയുന്നില്ലല്ലോ?

ഉത്തരം: അല്ലാഹുവിന്ന് സന്താനത്തെ സങ്കൽപിക്കുക എന്നത് ഇതിൽനിന്നും തികച്ചും ഭിന്നമായ മറ്റൊരു കുഫ്‌റാണ്. അല്ലാഹു പറയുന്നു: **(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാ കുന്നു. അവൻ ആർക്കും ജന്മം നൽകിയിട്ടില്ല** [ഇഖ്‌ലാസ്:1-3].

ഈ അദ്ധ്യായത്തെ നിഷേധിക്കാതെ ഈ ആശയത്തെ മാത്രം നിഷേധിച്ചാൽ തന്നെ ഒരാൾ കാഫിറാകും. അല്ലാഹു പറയുന്നു: **അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവ നോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടില്ല** [മുഅ്മിനൂൻ:91].

ഇവിടെ അല്ലാഹു കുഫ്‌റിനെ രണ്ടുതരമായി തിരിച്ച്, ഓരോ ന്നിനെയും പ്രത്യേകതരം കുഫ്‌റായിത്തന്നെ പറയുകയാണ് ചെ യ്തത്. അല്ലാഹു പറയുന്നു: **അവർ ജിന്നുകളെ അല്ലാഹുവിന്ന് പങ്കാളികളാക്കിയിരിക്കുന്നു. എന്നാൽ അവരെ അവൻ സൃഷ്ടി ച്ചതാണ്. ഒരുവിവരവും കൂടാതെ അവന്ന് പുത്രന്മാരെയും പു ത്രിമാരെയും അവൻ ആരോപിച്ചുണ്ടാക്കിയിരിക്കുന്നു. അവർ പ റഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശു ദ്ധനും, ഉന്നതനുമാകുന്നു** [അൻആം:100]. ഇവിടെയും രണ്ടുതരം കുഫ്‌റിനെ വേർതിരിച്ചു പറയുന്നു. ഇനി മറ്റൊരു തെളിവ്. പു

ണ്യപുരുഷനായ ലാത്തയെ വിളിച്ചു പ്രാർത്ഥിക്കുന്ന കാഫിറുകൾ അദ്ദേഹത്തെ ദൈവപുത്രനാക്കിയിരുന്നില്ല. ജിന്നുകളെ ആരാധിച്ച വരും അങ്ങനെ തന്നെ. അല്ലാഹുവിന്ന് സന്താനമുണ്ടെന്ന് വാദി ക്കുന്ന മുസ്ലിം മുർതദ്ദ് (മതഭ്രഷ്ട്) ആണെന്ന് നാലുമദ്ഹബി ലെ പണ്ഡിതന്മാരും പറയുന്നു. രണ്ടുതരം കുഫ്റുകളും അവർ വേർതിരിച്ചു തന്നെ പറഞ്ഞിട്ടുമുണ്ട്. ഇപ്പോൾ വ്യക്തമായിക്കാ ണുമല്ലോ.

## ഔലിയാക്കൾ

**അപ്പോൾ അല്ലാഹു ഖുർആനിൽ, ശ്രദ്ധിക്കുക, തീർച്ചയായും അല്ലാഹുവിൻെറ മിത്രങ്ങളാരോ, അവർക്ക് യാതൊരു ഭയ വുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല** (യൂനുസ്:62) **എന്നു പറഞ്ഞതോ?**

പറയാം; അതുശരിയാണ്. പക്ഷെ അവർ ആരാധിക്കപ്പെട്ടു കൂടാ. അവർക്ക് ആരാധനകൾ ചെയ്യുന്നതും, അവരെ അല്ലാഹു വിൻെറകൂടെ പങ്കാളികളാക്കുന്നതുമാണ് ഞങ്ങൾ വിമർശിക്കു ന്നത്. താങ്കളും അവരെ സ്നേഹിക്കുകയും, അവരുടെ കറാമ ത്തുകൾ അംഗീകരിക്കുകയും ചെയ്തേപറ്റൂ. ഔലിയാക്കളുടെ കറാമത്തുകളെ നിഷേധിക്കുന്നവർ ദുർമാർഗ്ഗത്തിൻെറയും, അനാ ചാരങ്ങളുടെയും വക്താക്കൾ മാത്രമാണ്. അല്ലാഹുവിൻെറ മ തം ഇവരണ്ടിൻെറയും മദ്ധ്യത്തിലാണ്. രണ്ടുവഴികേടുകളുടെ ഇട യിലുള്ള സന്മാർഗ്ഗമാണ്. രണ്ടുനിരർത്ഥതകളുടെയും ഇടയിലുള്ള യാഥാർത്ഥ്യവുമാണ്.

അഭിനവ മുശ്രികുകൾ ഇതിനെയാണ് "അഖീദ" എന്ന് വിളി ക്കുന്നതെങ്കിൽ, അതിനെത്തന്നെയാണ് ഖുർആൻ വിമർശിച്ചിട്ടു ള്ളതും. അതിൻെറ വക്താക്കളോടാണ് നബി (സ) യുദ്ധംചെയ് തതും. മക്കാമുശ്രികുകളുടെ ശിർക് ഇന്നത്തെ മുശ്രികുകളെ ക്കാൾ രണ്ടുകാരണങ്ങളാൽ ലഘിതമായിരുന്നു എന്നു വേണമെങ്കി ൽ പറയാം.

# ശിർക് അന്നും ഇന്നും

1-മക്കാമുശ്രികുകൾ മലക്കുകളെയും, ഔലിയാക്കളെയും, വിഗ്രഹങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചിരുന്നത് പ്രയാസരഹിതമായ അവസരത്തിലായിരുന്നു. എന്നാൽ ബുദ്ധിമുട്ടോ, ക്ലേശമോ നേരിട്ടാൽ അവർ അല്ലാഹുവിനെ മാത്രമേ വിളിച്ചിരുന്നുള്ളു. അല്ലാഹു പറയുന്നു: **കടലിൽവച്ച് നിങ്ങൾക്കു കഷ്ടത (അപായം) നേരിട്ടാൽ അവനൊഴികെ, നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നുവോ, അവർ അപ്രത്യക്ഷരാകും. എന്നാൽ നിങ്ങളെ അവൻ രക്ഷപ്പെടുത്തി കരയിലെത്തിക്കുമ്പോൾ നിങ്ങൾ തിരിഞ്ഞുകളയുകയായി. മനുഷ്യൻ ഏറെ നന്ദികെട്ടവനായിരിക്കുന്നു** [ഇസ്രാഅ്:67].

**(നബിയേ,) പറയുക: നിങ്ങളൊന്ന് പറഞ്ഞുതരൂ; അല്ലാഹുവിന്റെ ശിക്ഷ നിങ്ങൾക്കു വന്നുഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യ സമയം നിങ്ങൾക്കു വന്നെത്തിയാൽ അല്ലാഹു അല്ലാത്തവരെ നിങ്ങൾവിളിച്ചു പ്രാർത്ഥിക്കുമോ? (പറയൂ) നിങ്ങൾ സത്യസന്ധരാണെങ്കിൽ. ഇല്ല, അവനെമാത്രമേ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അപ്പോൾ അവൻ ഉദ്ദേശിക്കുന്ന പക്ഷം, ഏതൊരു വിഷമത്തിന്റെപേരിൽ നിങ്ങളവനെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അതവൻ ദൂരീകരിച്ചു തരുന്നതാണ്. നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നവയെ നിങ്ങൾ (അപ്പോൾ) മറന്നുകളയും.**[അൻആം:40-41].

**മനുഷ്യന് വല്ലവിഷമവും ബാധിച്ചാൽ അവൻ തന്റെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങിക്കൊണ്ട് പ്രാർത്ഥിക്കും. എന്നിട്ട് തന്റെപക്കൽ നിന്നുള്ള വല്ലഅനുഗ്രഹവും അല്ലാഹു അവന്ന് പ്രദാനംചെയ്താൽ ഏതൊന്നിനായി മുമ്പ്അവൻ പ്രാർത്ഥിച്ചിരുന്നുവോ, അതവൻ മറന്നുപോകുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും വഴിതെറ്റിച്ചുകളയുവാൻ വേണ്ടി അവന്ന് സമന്മാരെ സ്ഥാപിക്കുകയും ചെയ്യുന്നു. (നബിയേ,) പറയുക: നീഅൽപകാലം നിന്റെ ഈസത്യനിഷേധവും കൊണ്ട് സുഖിച്ചുകൊള്ളുക. തീർച്ചയായും നീ നരകാവകാശികളുടെ കൂട്ടത്തിലാകുന്നു.**[സുമർ:8].

പർവ്വതങ്ങൾപോലുള്ള തിരമാലകൾ അവരെ മൂടിക്കളഞ്ഞാൽ കീഴ്‌വണക്കം അല്ലാഹുവിന്ന് മാത്രമാക്കിക്കൊണ്ട് അവനോട് അവർ പ്രാർത്ഥിക്കുന്നതാണ് (ലുഖ്മാൻ:32).

നബി (സ)യുദ്ധംചെയ്ത മുശ്‌രികുകൾ സുഖത്തിൻെറ വേളകളിൽ അല്ലാഹുവിൻെറകൂടെ മറ്റുള്ളവരെയും വിളിച്ചു പ്രാർത്ഥിക്കുന്നവരായിരുന്നു എന്നാണ് ഈ ഖുർആൻ സൂക്തങ്ങൾ വ്യക്തമാക്കുന്നത്. ബുദ്ധിമുട്ട് കഠിനമായാൽ അവർ അവരുടെ സാദാത്തുക്കളെയും ശൈഖന്മാരെയും മറന്ന്, അല്ലാഹുവിനെ മാത്രം വിളിക്കുന്നവരായിരുന്നു. (നമ്മുടെ നാട്ടിൽ ഒരു ബസ്സപകടം ഉണ്ടാകുമ്പോൾ കേൾക്കുന്ന ആർപ്പുവിളികൾ ഒന്നു സങ്കൽപിച്ചു നോക്കൂ! ഏതെല്ലാം ശൈഖന്മാരെയാണ് അറബി നാമകാരികൾ വിളിക്കുന്നത്). ഇക്കാര്യം മനസ്സിലായവർക്ക് ഇന്നത്തെയും അന്നത്തെയും ശിർക് മനസ്സിലാക്കുവാൻ വിഷമമുണ്ടാകില്ല. പക്ഷെ **ഈ പ്രശ്നങ്ങൾ ഗാഢമായി പഠിച്ചു മനസ്സിലാക്കുന്ന മനസ്സുകൾ ഉള്ളവരെവിടെ? അല്ലാഹു രക്ഷിക്കട്ടെ.**

**2-മക്കാമുശ്‌രികുകൾ വിളിച്ചുപ്രാർത്ഥിച്ചിരുന്നത് അല്ലാഹുവിനോട് സാമീപ്യം നേടിയ അമ്പിയാക്കൾ, ഔലിയാക്കൾ, തുടങ്ങിയ മ**നുഷ്യരെയും മലക്കുകളെയും ആയിരുന്നു. അല്ലെങ്കിൽ അല്ലാഹുവിൻെറ കൽപന അനുസരിക്കാനല്ലാതെ, ധിക്കരിക്കാൻ അറിയാത്ത കല്ലുകൾ, മരങ്ങൾ, എന്നിവയെയായിരുന്നു. ഇന്നത്തെ മുശ്‌രികുകളോ, മനുഷ്യരിൽവച്ച് ഏറ്റവും വലിയ തെമ്മാടികളെയും, ദൈവധിക്കാരികളെയുമാണ് അവർ വിളിച്ചുപ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത്. നാനാവിധ താന്തോന്നിത്തവും, വ്യഭിചാരം, മോഷണം, നമസ്കാരം ഉപേക്ഷിക്കൽ തുടങ്ങി എല്ലാ അധാർമ്മികതകളും അനുവദനീയമാക്കിയവരെയുമാണ്. പുണ്യപുരുഷരിലും, അല്ലാഹുവിനെ ധിക്കരിക്കാത്ത കല്ല്, മരം പോലെയുള്ള വസ്തുക്കളിലും വിശ്വസിച്ചവരുടെ തെറ്റ്, തെമ്മാടിത്തം ചെയ്യുകയും, അതിൽ കുപ്രസിദ്ധിനേടുകയും ചെയ്തവനിൽ വിശ്വസിക്കുന്നവരെക്കാൾ എത്രനിസ്സാരം!

# മക്കാമുശ്‌രികുകളെപ്പോലെയോ?

നബി (സ)യുദ്ധംചെയ്ത മുശ്‌രികുകൾ ഇവരെക്കാൾ സൽബുദ്ധിയുള്ളവരും, ശിർകിൽ ഗൗരവം കുറഞ്ഞവരുമായിരുന്നെന്ന് വ്യക്തമായാൽ അവർ പുതിയൊരു സംശയം സൃഷ്ടിക്കുവാൻ ശ്രമിക്കും. അതവരുടെ വലിയ ഒരാശയക്കുഴപ്പമാണ്. അവർ പറയും: ഖുർആൻ പറഞ്ഞ മുശ്‌രികുകൾ "ലാഇലാഹഇല്ലല്ലാഹ്" എന്നു സാക്ഷ്യം വഹിച്ചിരുന്നില്ല, നബിയെ കളവാക്കിയിരുന്നു, പരലോകത്തെ നിഷേധിച്ചിരുന്നു, ഖുർആനെ അവിശ്വസിക്കുകയും അതു കൂടോത്രമാണെന്ന് പറയുകയും ചെയ്തിരുന്നല്ലോ? ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ്,മുഹമ്മദുൻ റസൂലുല്ലാഹി എന്ന് സാക്ഷ്യം വഹിക്കുന്നവരും, ഖുർആനെ സത്യപ്പെടുത്തുന്നവരും, പരലോകത്തിൽ വിശ്വാസമുള്ളവരും, നോമ്പും നമസ്കാരവുമെല്ലാം നിർവ്വഹിക്കുന്നവരുമാണ്. പിന്നെ എങ്ങനെയാണ് നിങ്ങൾ ഞങ്ങളെ മക്കാമുശ്‌രികുകളെ പോലെയാക്കുക?

ഒരാൾ മുഹമ്മദ് നബി (സ)യെ ചിലകാര്യങ്ങളിൽ വിശ്വസിക്കുകയും, ചിലകാര്യങ്ങളിൽ അവിശ്വസിക്കുകയും ചെയ്താൽ അയാൾ ഇസ്‌ലാമിക വൃത്തത്തിനകത്തല്ല എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ രണ്ടഭിപ്രായമില്ല. അതുപോലെത്തന്നെയാണ് ഖുർആനിൻെറ ചിലഭാഗങ്ങൾ വിശ്വസിക്കുകയും, ചിലത് അവിശ്വസിക്കുകയും ചെയ്തവനും. ഉദാ:- തൗഹീദ് അംഗീകരിക്കുന്നു, നമസ്കാരം നിർബന്ധമാണെന്നത് നിഷേധിക്കുന്നു. തൗഹീദും നമസ്കാരവും അംഗീകരിക്കുന്നു, സകാത് നിർബന്ധമില്ലെന്ന് വാദിക്കുന്നു. ഇവയെല്ലാം അംഗീകരിക്കുന്നു, നോമ്പ് നിഷേധിക്കുന്നു. ഈ നാലും അംഗീകരിക്കുന്നു, ഹജ്ജ് നിഷേധിക്കുന്നു. ഹജ്ജിൻെറ കാര്യത്തിൽ നബി (സ)യുടെ കാലക്കാർ ഒരെതിർപ്പും പറഞ്ഞിരുന്നില്ല. എന്നിട്ടും അവരെകുറിച്ച് ഇറങ്ങിയ ഖുർആൻ വചനത്തിൻെറ ഗൗരവം നോക്കൂ. അല്ലാഹു പറയുന്നു: ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു (ആലുഇംറാൻ:97). മേൽപറയ

പ്പെട്ടവയെല്ലാം അംഗീകരിക്കുകയും പരലോകത്തെ നിഷേധിക്കുകയും ചെയ്താൽ അവനും കാഫിറാകുമെന്നതിൽ രണ്ടഭിപ്രായമില്ല.

അല്ലാഹു പറയുന്നു. അല്ലാഹുവിലും അവൻെറ ദൂതന്മാരിലും അവിശ്വസിക്കുകയും (വിശ്വാസ കാര്യത്തിൽ) അല്ലാഹുവിനും അവൻെറ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും, "ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു" എന്നു പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗ്ഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവച്ചിട്ടുണ്ട് [അന്നിസാഅ്:150-151]. ചിലകാര്യങ്ങൾ വിശ്വസിക്കുകയും, ചിലകാര്യങ്ങൾ അവിശ്വസിക്കുകയും ചെയ്തവൻ തികഞ്ഞ കാഫിറാണെന്ന് അല്ലാഹുതന്നെ വ്യക്തമാക്കിയിരിക്കെ ഈസംശയത്തിനു തന്നെ സ്ഥാനമില്ല.

ഒരാൾ നമസ്കാരമല്ലാത്ത മുഴുവൻ കാര്യത്തിലും നബി (സ)യിൽ വിശ്വസിച്ചാലും അവൻ കാഫിറായിത്തീരുമെന്നതിൽ സംശയമില്ല. എല്ലാം അംഗീകരിച്ചു പരലോകത്തെ നിഷേധിച്ചാലും, എല്ലാം അംഗീകരിച്ചു നോമ്പ് നിഷേധിച്ചാലും അങ്ങനെത്തന്നെ. ഒരുമദ്ഹബിലും ഇക്കാര്യത്തിൽ എതിരഭിപ്രായമില്ല. നാം നേരേസൂചിപ്പിച്ചതുപോലെ. ഖുർആൻ സൂചിപ്പിച്ചതും അതുതന്നെ.

## തൗഹീദ് പരമപ്രധാനം

നബി (സ) പ്രബോധനം ചെയ്ത കാര്യങ്ങളിൽ തൗഹീദാണ് പരമപ്രധാനമെന്നത് തർക്കമറ്റ വസ്തുതയാകുന്നു. അത്, നമസ്കാരം, ഹജ്ജ്, നോമ്പ്, സകാത് എന്നിവയെക്കാളെല്ലാം മഹത്തായതാകുന്നു. പ്രവാചകൻ (സ) പഠിപ്പിച്ച ഇവയിൽ ഏതെങ്കിലും ഒന്ന് നിഷേധിച്ചാൽ തന്നെ കാഫിറാകുമെങ്കിൽ, മുഴുവൻ പ്രവാചകരുടെയും പ്രബോധനത്തിൻെറ മുഖ്യഘടകമായ തൗഹീദ് നിഷേധിച്ചാൽ കാഫിറാകാതിരിക്കുന്നതെങ്ങനെയാണ്? ഇതെന്തൊരദ്ഭുതകരമായ അജ്ഞത!

ബനൂഹനീഫാ(14) ഗോത്രക്കാർ ഇസ്ലാം സ്വീകരിച്ചവരും, കലിമത്തുത്തൗഹീദ് ഉച്ചരിച്ചവരും, നബി (സ)യുടെകൂടെ ബാങ്കും നമസ്കാരവും നിർവ്വഹിച്ചവരുമായിരുന്നു. എന്നിട്ടും നബിയുടെ സ്വഹാബത്ത് എന്തിനാണവരോട് യുദ്ധംചെയ്തത്? അതിനുള്ള മറുപടി ഇതായിരിക്കും പറയുക, അവർ മുസൈലിമ നബിയാണെന്ന് പറഞ്ഞതുകൊണ്ട്. അങ്ങനെ വരട്ടെ, അതുതന്നെയാണ് ഞാനും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത്.

ഒരാളെ നബിയുടെ സ്ഥാനത്തേക്ക് ഉയർത്തിയവൻ കാഫിറാകും, അവൻെറ ശഹാദത്തും, നമസ്കാരവും അവന്ന് ഉപകരിക്കാതെ വരുന്നെങ്കിൽ, ബദ്‌വീ, ഇബ്നുഅറബീ, ജീലാനീ, നബി, സഹാബികൾ എന്നിവരെ ആകാശഭൂമികളുടെ അധിപൻെറ സ്ഥാനത്തേക്ക് ഉയർത്തിയവൻ എന്താണായിത്തീരുക? **അല്ലാഹു പരിശുദ്ധൻ, അവൻെറ കാര്യം എത്രമഹത്തരം! (കാര്യം) മനസ്സിലാക്കാത്തവരുടെ ഹൃദയങ്ങളിൽ അപ്രകാരം അല്ലാഹു മുദ്രവക്കുന്നു** [അർ-റൂം:59]

## റാഫിദുകൾ കൊല്ലപ്പെട്ടു

അലി (റ)തീയിലിട്ടു ചുട്ടുകരിച്ചു കളഞ്ഞവരും(15) ഇസ്ലാം വാദികളായിരുന്നു. അവർ അലി (റ)യുടെ കൂട്ടുകാരും അനുയായികളുമായിരുന്നു. സഹാബത്തിൻെറ അടുക്കൽ നിന്നും ഇസ്ലാമിക വിജ്ഞാനം കരസ്ഥമാക്കിയവരായിരുന്നു. പക്ഷെ അവർ അലിയെ കുറിച്ച്, ഇന്നത്തെ മുശ്‌രികുകൾ ഇബ്നുഅറബിയെ പോലെയുള്ളവരെകുറിച്ചു വച്ചുപുലർത്തുന്ന വിശ്വാസംവച്ചുപുലർത്തി. അവർ കാഫിറുകളാണെന്നും, വധിക്കപ്പെടേണ്ടവരാണെന്നും സ്വഹാബികൾ ഏകാഭിപ്രായക്കാരായത് എന്തുകൊണ്ടാണ്?

---

14-പ്രവാചകത്വം വാദിച്ച മുസൈലിമയും അയാളുടെ ആളുകളും. ഇവരോട് യുദ്ധംചെയ്യുന്ന കാര്യത്തിൽ സഹാബികൾക്കിടയിൽ അഭിപ്രായ വ്യത്യാസം പോലുമുണ്ടായിരുന്നില്ല.

15-അലി(റ) റാഫിളുകൾ (ശിആക്കൾ) ആയവരെ ചുട്ടുകൊന്നു എന്ന സംഭവം, ബുഖാരിയിൽ ഇക്‌രിമയുടേതായി വന്ന 2922-ാം നമ്പർ ഹദീസിൻെറ വിശദീകരണത്തിൽ കാണാം (ഫത്ഹുൽബാരീ-12/282).

സ്വഹാബികളും മുസ്ലിംകളെ കാഫിറാക്കി എന്ന്താങ്കൾ വിചാരിക്കുന്നുണ്ടോ? അലി (റ)യെകുറിച്ചുള്ള ഇത്തരം വിശ്വാസം കുഫ്റും, ഗൗഥുൽ അഅ്ളമിനെ കുറിച്ചുള്ളവിശ്വാസം തെറ്റില്ല എന്നുമാണോ നിങ്ങളുടെ ധാരണ?

അബ്ബാസീഭരണകാലത്ത് മൊറോക്കോയും ഈജിപ്തും ഭരിച്ചിരുന്ന ബനൂഉബൈദുൽഖദാഹ്(16) ഗോത്രക്കാരും ശഹാദത് ചൊല്ലിയവരും, ഇസ്ലാംവാദികളും, ജുമുഅഃയും ജമാഅത്തും നിർവ്വഹിച്ചു പോന്നിരുന്നവരുമായിരുന്നു. ഇസ്ലാമിക ശരീഅത്തിലെ ചിലകാര്യങ്ങളിൽ അവർ എതിരഭിപ്രായം പ്രകടിപ്പിച്ചപ്പോൾ, അവർ കാഫിറാണെന്ന് മുഴുവൻപണ്ഡിതരും അഭിപ്രായപ്പെടുകയുണ്ടായി. അവരുടെരാജ്യത്തോട് യുദ്ധംചെയ്യാമെന്നു പറഞ്ഞു. മുസ്ലിംകൾ അവരോട് യുദ്ധംചെയ്തു. അവരുടെ കയ്യിലകപ്പെട്ടുപോയ ഇസ്ലാമികരാജ്യങ്ങൾ അവർ മോചിപ്പിച്ചു.

16-ഫാത്വിമിയാക്കൾ എന്ന കള്ളനാമം സ്വന്തമായി സ്വീകരിച്ചവരായിരുന്നു ഇവർ. ബാഹ്യമായി റാഫിളുക (ശിആക്കൾ)ളും ആന്തരികമായി തികഞ്ഞ സത്യനിഷേധിക (കാഫിറുക) ളും ആണ് ഇവരെന്ന് ധാരാളം പണ്ഡിതർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ(റ) പറയുന്നു: ഇവരുടെ വാദത്തിന്റെ അങ്ങേയറ്റം എന്തെന്നാൽ അവർ ഇസ്ലാം പ്രകടിപ്പിക്കുകയും ശരീഅത്തിനെ മുറുകെപ്പിടിക്കുകയും ചെയ്യുന്നു എന്ന അഭിനയവുമാകുന്നു. ബാഹ്യമായി ഇസ്ലാമിനെ പ്രകടിപ്പിക്കുന്ന എല്ലാവരും ആന്തരികമായി സത്യവിശ്വാസി ആയിക്കൊള്ളണമെന്നില്ല. ഇസ്ലാം പ്രകടിപ്പിച്ചവരിൽ തന്നെ സത്യവിശ്വാസിയും കപടവിശ്വാസിയും ഉണ്ടാകാം. അല്ലാഹു പറയുന്നു: ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നവർ മനുഷ്യരിലുണ്ട്, അവർ യഥാർത്ഥത്തിൽ സത്യവിശ്വാസികളല്ല (അൽബഖറ:8). ഇവർ ഇസ്ലാം പ്രകടിപ്പിച്ചു, കുഫ്റ് മറച്ചുവച്ചിരുന്ന കപടവിശ്വാസികളും, നിരീശ്വരവാദികളുമാണെന്ന് മുസ്ലിം പണ്ഡിതരും, ഇമാമുകളും, സമൂഹവും പറഞ്ഞിരിക്കുന്നു. ഇവർ സത്യവിശ്വാസികളാണെന്ന് സാക്ഷ്യംവഹിക്കുന്നവർ അറിവില്ലാത്ത കാര്യത്തിന് സാക്ഷിനിൽക്കുകയാണ്. ഇവർ കപടവിശ്വാസികളും നിരീശവരവാദികളുമാണെന്ന് പറയുന്നവർക്കുള്ളതുപോലെയുള്ള യാതൊരു തെളിവും എതിരാളികളുടെ പക്കലില്ല. അതുപോലെതന്നെയാകുന്നു അവരുടെ(ഫാത്വിമി എന്ന) കുലമഹിമയും. ഇതു തെറ്റാണെന്നും, അവർ യഥാർത്ഥത്തിൽ ജൂതരുടെയോ, മജൂസികളുടെയോ കുടുംബത്തിൽ പെട്ടവരാണെന്നും ഭൂരിപക്ഷം ജനങ്ങളും അഭിപ്രായപ്പെട്ടിരിക്കുന്നു (ഫതാവാ ഇബ്നുതൈമിയ-35/128)

# മതനിന്ദ കുഫ്ർ

ശിർക് ചെയ്യുകയും, പ്രവാചകനെയും, ഖുർആനിനെയും, പരലോകത്തെയും നിഷേധിച്ചതുകൊണ്ടും മാത്രമാണ് മുൻകാലക്കാർ കാഫിറായതെങ്കിൽ, മുഴുവൻ പണ്ഢിതരുടെയും ഗ്രന്ഥങ്ങളിൽ സ്ഥലംപിടിച്ചിട്ടുള്ള "മുർതദ്ദിൻെറവിധി" എന്ന അധ്യായത്തിൻെറ പ്രസക്തി എന്താണ്? ഇസ്ലാമായതിനു ശേഷം കാഫിറായവനാണല്ലോ മുർതദ്ദ്. അതിൻെറ പലഇനങ്ങളും അവർ വിശദീകരിച്ചിട്ടുണ്ട്. അവയെല്ലാം മനുഷ്യനെ കാഫിറും, വധത്തിന് അർഹനാക്കുന്നവയുമാകുന്നു. വളരെനിസ്സാരകാര്യങ്ങൾ വരെ പണ്ഢിതർ എണ്ണിയിട്ടുണ്ട്. മനസ്സിൽതട്ടാതെ നാവുകൊണ്ടു മാത്രം പറയുന്നതോ, അല്ലെങ്കിൽ തമാശരൂപത്തിലോ പറയുന്ന ഒരു വാക്കുപോലും അതിൽ ഉൾപെടുത്തിയിട്ടുണ്ട്.

അല്ലാഹു പറഞ്ഞു: തങ്ങൾ (അങ്ങനെ) പറഞ്ഞിട്ടില്ലെന്ന് അവർ അല്ലാഹുവിൻെറപേരിൽ സത്യംചെയ്തുപറയും. **തീർച്ചയായും അവിശ്വാസത്തിൻെറവാക്ക് അവർ ഉച്ചരിക്കുകയും, ഇസ്ലാം സ്വീകരിച്ചശേഷം അവർ അവിശ്വസിച്ചുകളയുകയും ചെയ്തിരിക്കുന്നു** [തൗബ:74].

നബി (സ)യുടെ കൂടെ ജിഹാദ് നടത്തുകയും, നമസ്കരിക്കുകയും, സകാത്കൊടുക്കുകയും, ഹജ്ജ്ചെയ്യുകയും, ഏകദൈവവിശ്വാസികളായിരുന്നിട്ടുകൂടി ഒരുനിസ്സാരവാക്കിൻെറ പേരിൽ അല്ലാഹു അവരെ കാഫിറാക്കിയതു കണ്ടില്ലേ? വീണ്ടും.അല്ലാഹു പറഞ്ഞു: **പറയുക, അല്ലാഹുവെയും, അവൻെറ ദൃഷ്ടാന്തങ്ങളെയും അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയണ്ട. വിശ്വസിച്ചതിനുശേഷം നിങ്ങൾ അവിശ്വസിച്ചുകഴിഞ്ഞിരിക്കുന്നു** [തൗബ:65-66].

വിശ്വസിച്ചതിനു ശേഷം അവിശ്വസിച്ചു എന്ന്വ്യക്തമാക്കിയ ഈ വിഭാഗം, നബി (സ)യുടെ കൂടെ തബൂക്ക് യുദ്ധത്തിൽ പങ്കെടുത്തവരാണ്. അവരുടെ ഭാഷയിൽ ഒരുവെറും തമാശ(17)മാത്രം ഉ

17-അബ്ദുല്ലാഹിബ്നു ഉമർ(റ) ൽ നിന്നു നിവേദനം, തബൂക് യുദ്ധവേളയിലെ ഒരുസദസ്സിൽവച്ച് ഒരാൾ പറഞ്ഞു: നമ്മുടെ ഈ ഖുർആൻ പാരായണക്കാരെക്കാൾ തീറ്റക്കൊതിയരും, കളവുപറയുന്നവരും, ശത്രുവിനെ കണ്ടുമുട്ടുമ്പോൾ ഭീരുക്ക =

ദ്ദേശിച്ചു കൊണ്ടുള്ള വാക്കുമാത്രമാണവർ പറഞ്ഞിരുന്നുള്ളൂ. "ലാ ഇലാഹഇല്ലല്ലാഹു പറഞ്ഞ, നമസ്കരിക്കുന്ന, നോമ്പുപിടിക്കുന്ന മുസ്‌ലിംകളെ കാഫിറാക്കുകയോ" എന്ന ആ സംശയത്തെ കുറി ച്ചൊന്ന് ചിന്തിച്ചുനോക്കൂ. അതിൻെറ മറുപടിയും ഒന്നുവിലയി രുത്തി നോക്കൂ. ഈ പുസ്തകത്തിലുള്ള ഏറ്റവും ഉപകാരപ്രദവും, പ്രസക്തവുമായ ഭാഗമായിരിക്കും ഈ മറുപടി.

ഇസ്റാഈൽ സന്തതികൾ മുസ്‌ലിംകളും സദ്‌വൃത്തരും ആ യിരുന്നിട്ടും അവർ മൂസാനബിയോട്: ഹേമൂസാ, ഇവർക്കു ദൈ വങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർ പ്പെടുത്തിത്തരണം.(അഅ്റാഫ്:138) എന്നുപറഞ്ഞപ്പോൾ അവരെ കു റിച്ച് അല്ലാഹു ഉദ്ധരിക്കുന്നതും ഇതിന്നു തെളിവാണ്. ഒരു കൂട്ടം സ്വഹാബികൾ നബി (സ)യോട് ഞങ്ങൾക്കും ഒരു"ദാതു അൻ വാത്"(18) ഉണ്ടാക്കിത്തരേണമെന്ന് പറഞ്ഞത് മറ്റൊരു തെളിവാണ്.

---

= ളുമായ മറ്റാരെയും നാം കണ്ടിട്ടില്ല. അപ്പോൾ സദസ്സിൽ നിന്നും മറ്റൊരാൾ പറ ഞ്ഞു: നീ പറഞ്ഞത് കളവാണ്. മാത്രവുമല്ല നീ കപടവിശ്വാസിയാണ്! ഈവിവരം ഞാൻ നബി (സ)യോട് പറയുക തന്നെചെയ്യും. അങ്ങനെ ഈവിവരം നബി (സ)യുടെ അടുക്കലെത്തി. അപ്പോൾ ഖുർആൻ അവതരിപ്പിക്കപ്പെട്ടു. അബ്ദു ല്ലാഹിബ്നു ഉമർ (റ) തുടരുന്നു: ആമനുഷ്യൻ നബി (സ)യുടെ ഒട്ടകക്കട്ടിലിൻെറ കയറിൽ തൂങ്ങി, കല്ലുകൾക്കിടയിലൂടെ കഷ്ടപ്പെട്ടു നടന്ന്, നബിയോട് ഇങ്ങ നെ പറയുന്നതായി ഞാൻ കണ്ടു; പ്രവാചകരേ, ഞങ്ങൾ കളിയും തമാശയും മാത്രം പറഞ്ഞതാണേ. അപ്പോൾ നബി(സ), പറയുക, അല്ലാഹുവെയും, അവ ൻെറ ദൃഷ്ടാന്തങ്ങളെയും അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസി ച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയണ്ട. വിശ്വസിച്ച തിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.(തൗബ:65-66). എന്ന വചനം ഓതിക്കൊണ്ടിരുന്നു (ഇബ്നുകഥീർ)

18-അബൂൽവാഖിദില്ലൈഥി(റ)യിൽ നിന്നു നിവേദനം, നബി(സ) ഹുനയ്നിലേക്ക് യുദ്ധത്തിനു പോയപ്പോൾ മുശ്‌രികുകളുടെ ഒരു മരത്തിൻെ അരികിലൂടെ നടന്നു പോയി. ആ മരത്തിൻെറപേര് ദാതുഅൻവാത് എന്നാണ്. അവർ (മുശ്‌രികുകൾ) അതിന്മേൽ അവരുടെ വാളുകൾ തൂക്കിയിടാറുണ്ടായിരുന്നു. സഹാബികൾ നബി (സ)യോട് പറഞ്ഞു: പ്രവാചകരേ,അവർക്ക് ദാതുഅൻവാത് ഉള്ളതുപോലെ ഞ ങ്ങൾക്കും ഒരു ദാതുഅൻവാത് ഏർപ്പെടുത്തിത്തരണം. ഇതുകേട്ട നബി(സ) പറ ഞ്ഞു: അല്ലാഹു പരിശുദ്ധൻ! ഇത് മൂസായുടെജനത "ഇവർക്ക് ദൈവങ്ങളുള്ളതു പോലെ ഞങ്ങൾക്കും ഒരുദൈവത്തെ ഏർപ്പെടുത്തിത്തരണം" എന്നു പറഞ്ഞതു പോലെയാകുന്നു. എൻെറആത്മാവ് ആരുടെകയ്യിലാണോ, അവൻ (അല്ലാഹു) തന്നെയാണെ,സത്യം നിങ്ങളുടെമുൻകാലക്കാരുടെ നടപടിക്രമങ്ങളെ നിങ്ങൾ അപ്പടി പിൻതുടരുക തന്നെചെയ്യും (തുർമുദി)

ഇതുകേട്ട നബി (സ)സത്യംചെയ്തു പറഞ്ഞു. ഇസ്റാഈലികൾ മൂസായോട് ചോദിച്ച (ഞങ്ങൾക്കും ഒരുദൈവത്തെ ഏർപ്പെടുത്തി ത്തരിക എന്ന) അതേചോദ്യമാണിത്. പക്ഷെ ബഹുദൈവ വാദികൾ ഇവിടെയും ആശയകുഴപ്പമുണ്ടാക്കാറാണ്പതിവ്.
അവർ പറയും. ഈവാക്കുപറഞ്ഞ ബനൂഇസ്റാഈൽകാരോ, ഞ ങ്ങൾക്കു ദാതുഅൻവാത് ഉണ്ടാക്കിത്തരേണമെന്ന് പറഞ്ഞ സ്വ ഹാബികളോ കാഫിറായിട്ടില്ലല്ലോ.

അതിനുള്ള മറുപടി. ബനൂഇസ്റാഈലുകാർ അങ്ങനെ ചെ യ്തിട്ടില്ല. നബി (സ)യോട് ചോദിച്ച സഹാബതും ചെയ്തിട്ടില്ല. ഇസ്റാഈൽ സന്തതികൾ അതു ചെയ്തിരുന്നെങ്കിൽ കാഫിറാ യിത്തീരുമായിരുന്നു എന്നതിൽ തർക്കമില്ലല്ലോ? അതുപോലെ ത ന്നെ സഹാബികൾ നബി (സ)യെ അനുസരിക്കാതെ ദാതുഅൻ വാത് ഉണ്ടാക്കിയിരുന്നെങ്കിൽ അവരും കാഫിറാകുമായിരുന്നില്ലേ? ഇതാണ് നമ്മൾ പറഞ്ഞതിൻെറ ആശയം. ഈ സംഭവങ്ങൾ നമു ക്കൊരു പാഠം നൽകുന്നുണ്ട്. മുസ്ലിംകൾ -ലോകം മുഴുവനും- അവരറിയാതെ ശിർകിൽ ചെന്നുവീഴും. എപ്പോഴും പഠനവും, മ നനവും ആവശ്യമാണെന്നും ഈ സംഭവം നമ്മെ ഉണർത്തുന്നു. വിവരമില്ലാത്തമനുഷ്യർ "ഞങ്ങൾക്ക് തൗഹീദ് മനസ്സിലായി" എന്നുപറയുന്നത് ഏറ്റവുംവലിയ വിഡ്ഢിത്തവും, പിശാചിൻെറ കു ടിലതന്ത്രവുമാണെന്ന് മനസ്സിലാക്കുക. മതകാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായ ഒരുമുസ്ലിം കുഫ്റിൻെറവാക്ക് പറഞ്ഞു. (അറിയാ തെ പറഞ്ഞതായിരിക്കാം, അത് താങ്കൾ അയാളെ ഉണർത്തുക) ഉടൻതന്നെ അതിൽനിന്നു പശ്ചാത്തപിക്കുകയും ചെയ്താൽ അ യാൾ കാഫിറാകുകയില്ല എന്നുംമനസ്സിലാക്കാം. ഇസ്റാഈലിക ളും, നബി (സ)യോട് ദാതുഅൻവാത്ചോദിച്ച സ്വഹാബികളും ചെയ്തതുപോലെ. അവർ കാഫിറായിട്ടില്ലെങ്കിലും ശക്തമായ താക്കീതുനൽകപ്പെടണമെന്ന് ഈസംഭവം പഠിപ്പിക്കുന്നു. നബി (സ) സഹാബികളോട് പറഞ്ഞവാചകം എത്ര ഗൗരവതര മായിരുന്നു?!

## ലാഇലാഹ ഇല്ലല്ലാഹു പറഞ്ഞവനോ?

ഇവർക്കുള്ള മറ്റൊരു സംശയം: ലാഇലാഹഇല്ലല്ലാഹ് പറഞ്ഞ ഒരാളെവധിച്ച ഉസാമയെ,"ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞശേഷം നീ അയാളെ കൊന്നു കളഞ്ഞോ?"(19) എന്നു ചോദിച്ചു നബി (സ) ശാസിച്ചില്ലേ? ജനങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് പറയുന്നതു വരെ അവരോട് യുദ്ധംചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു(20) പോലെയുള്ള (ഈവാക്യം പറഞ്ഞവരെ കൊല്ലാൻ പാടില്ലെന്നു കൽപിക്കുന്ന) ഹദീസുകളോ?

ഈവാക്യം പറഞ്ഞശേഷം എന്തു പ്രവർത്തിച്ചാലും കാഫിറാകുകയില്ല എന്നാണ് വിവരമില്ലാത്ത ആളുകൾ മനസ്സിലാക്കിയിട്ടുള്ളത്. അത്തരക്കാരോട് പറയാനുള്ളത് ഇതാണ്: ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞജൂതരോടും നബി(സ) യുദ്ധംചെയ്തിട്ടുണ്ട്(21). അവരെ തടവിലാക്കിയിട്ടുണ്ട്. ശഹാദത്ചൊല്ലിയ, നമസ്കരിക്കുന്ന,

---

19-ഉസാമ (റ)യിൽ നിന്നു നിവേദനം, "ഹിർഖ"യിലേക്ക് നബി(സ) ഞങ്ങളെ അയച്ചു. പ്രഭാത സമയത്ത് ഞങ്ങളവിടെ എത്തി. അവിടെയുള്ള ജനങ്ങളെ ഞങ്ങൾ പരാജയപ്പെടുത്തി. ഞാനും അൻസാരികളിൽപെട്ട ഒരാളും ഒരുമനുഷ്യന്റെ അടുത്തു ചെന്നു. ഞങ്ങൾ അയാളെ പിടികൂടി. അപ്പോൾ അയാൾ ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞു. അൻസാരി പിന്തിരിഞ്ഞു പോന്നു. ഞാനയാളെ എന്റെ കുന്തം കൊണ്ട് കുത്തിക്കൊന്നു. ഞങ്ങൾ തിരിച്ചെത്തിയപ്പോൾ നബി(സ) ഈ വിവരം അറിഞ്ഞു. അപ്പോൾ നബി(സ) ചോദിച്ചു: ഉസാമേ, ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞിട്ടും നീ അയാളെ കൊന്നുകളഞ്ഞോ? ഞാൻപറഞ്ഞു: അയാൾ ആത്മരക്ഷാർത്ഥം പറഞ്ഞതാണ്. പക്ഷെ നബി (സ) ഈ ചോദ്യം ആവർത്തിച്ചു കൊണ്ടേയിരുന്നു. ആനാളിന്നു മുമ്പ് ഞാൻ ഇസ്‌ലാം ആയിട്ടില്ലായിരുന്നെങ്കിൽ എന്നു ഞാൻ കൊതിച്ചു പോയി (ബുഖാരി).

20-അബൂഹുറയ്റയിൽ നിന്നു നിവേദനം: നബി (സ) മരിച്ചു. അബൂബകർ ഖലീഫയായി. അറബികളിൽ നിന്നും കുറെപേർ കാഫിറായി. അപ്പോൾ ഉമർചോദിച്ചു: ഈ ജനങ്ങളോട് നാം എങ്ങനെ യുദ്ധംചെയ്യും? കാരണം നബി (സ) പറഞ്ഞിരിക്കുന്നു: ലാഇലാഹഇല്ലല്ലാഹ് പറയുന്നതുവരെ ജനങ്ങളോട് യുദ്ധം ചെയ്യുവാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അതു പറഞ്ഞവൻ അവന്റെ ധനവും ശരീരവും -അതിന്റെ അവകാശപ്പെട്ടതല്ലാതെ- എന്നിൽ നിന്നും അവർ സംരക്ഷിച്ചിരിക്കുന്നു. അവന്റെവിചാരണ അല്ലാഹുവിന്റെ പക്കലാകുന്നു (ബുഖാരി).

21-ആഇശഃ(റ)യിൽ നിന്നു നിവേദനം: ഖന്തഖ് യുദ്ധത്തിൽ സഅ്ദിന് പരിക്കുപറ്റി. ഖുറൈശികളിൽപെട്ട, ഹിബ്ബാനുബ്നു അർഖഃ എന്നു പേരുള്ള ഒരാൾ അദ്ദേഹത്തെ അമ്പെയ്തതായിരുന്നു. അദ്ദേഹിന്റെ ഭുജത്തിലായിരുന്നു അമ്പേറ്റത്. നബി (സ)ക്ക് അദ്ദേഹത്തെ അടുത്തുചെന്ന് സന്ദർശിക്കാനായി പള്ളിയിൽതന്നെ =

ഇസ്‌ലാംവാദികളായ ബനൂഹനീഫ ഗോത്രക്കാരോട് നബി(സ)യുടെ സ്വഹാബികൾ യുദ്ധംചെയ്തിട്ടുണ്ട്. അപ്രകാരം തന്നെയായിരുന്നു അലി (റ) തീയിലിട്ട് ചുട്ടെരിച്ചവരും. ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞശേഷം പരലോകത്തെ നിഷേധിച്ചവനോ, ഇസ്‌ലാം കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നിഷേധിച്ചവനും കാഫിറാകുമെന്ന് ഇവരും അംഗീകരിക്കുന്നുണ്ട്, ശാഖാപരമായവയെ നിഷേധിച്ചവന്ന്പോലും രക്ഷയില്ലെന്നിരിക്കെ, പ്രവാചകമതത്തിൻെറ അടിസ്ഥാനത്തെയും, മുഖ്യഘടകത്തെയും തന്നെ നിഷേധിച്ചവൻ രക്ഷപ്പെടുന്നതെങ്ങനെയാണ്? പക്ഷെ പാവങ്ങൾ ഈ ഹദീസുകളുടെ ആശയം മനസ്സിലാക്കിയിട്ടില്ല.

സ്വരക്ഷാർത്ഥം ഇസ്‌ലാംപ്രഖ്യാപിച്ചതാണെന്ന ധാരണയിലാണ് സാക്ഷ്യവാക്യംചൊല്ലിയ ഒരാളെ ഉസാമ വധിക്കാനിടയായത്. ഒരാൾ ഇസ്‌ലാംപ്രഖ്യാപിച്ചു കഴിഞ്ഞാൽ, പിന്നീട് അവനിൽനിന്നും പിന്തിരിയൽ നിർബന്ധമാണ്. ഇസ്‌ലാമിന്നു വിപരീതമായ കാര്യം(22) അവനിൽ നിന്നും വ്യക്തമാകുന്നതുവരെ. അല്ലാഹു പറയുന്നു, സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൻെറ മാർ

= സഅ്ദിന് ഒരുകൂടാരമുണ്ടാക്കി. ഖന്തഖിൽനിന്നും തിരിച്ചെത്തിയ നബി (സ) ആയുധം അഴിച്ചുവച്ചു, കുളിച്ചു. അന്നേരം ജിബ്‌രീൽ നബി (സ)യുടെ അടുക്കൽ വന്നു. അദ്ദേഹം തലയിൽ നിന്നും പൊടികുടഞ്ഞു കൊണ്ടാണ് വന്നത്. എന്നിട്ട് ചോദിച്ചു, ആയുധമെല്ലാം താഴെവച്ചുവോ? അല്ലാഹുവാണ, സത്യം ഞാൻ (ജിബ്‌രീൽ) താഴെവച്ചിട്ടില്ല. അവരിലേക്ക് പുറപ്പെടുക. നബി (സ) ചോദിച്ചു, എങ്ങോട്ട്? ജിബ്‌രീൽ ബനൂഖുറൈദ ഗോത്രക്കാരിലേക്ക് ചൂണ്ടിക്കാണിച്ചു. നബി (സ) അവരുടെ അടുക്കലെത്തി. അവർ നബി (സ)യെ വിധികർത്താവായി അംഗീകരിച്ചു. വിധികർതൃത്വം നബി (സ) സഅ്ദുബ്നു മുആദിനെ ഏൽപിച്ചു. നബി (സ) പറഞ്ഞു, ഞാൻ നിന്നെ അവരിൽ വിധികർത്താവാക്കുന്നത് യുദ്ധം ചെയ്യുന്നവരെ വധിക്കുവാനും, സ്ത്രീകളെയും കുട്ടികളെയും തടവുകാരായി പിടിക്കുവാനും, അവരുടെധനം വീതിക്കുവാനുമാകുന്നു (ബുഖാരി)

22-സഹോദരാ! ഏകദൈവവിശ്വാസത്തിൻെറ പ്രകാശം കൊണ്ട് അല്ലാഹു താങ്കളെ സൗഭാഗ്യവാനാക്കട്ടെ. ശിർകിൻെറ മ്ളേഛതകളിൽ നിന്നും അവൻ നിങ്ങളെ രക്ഷിക്കട്ടെ- അറിയുക, ഇസ്‌ലാം പ്രഖ്യാപിച്ചവനെ വധിക്കുവാൻ പാടില്ല. ഇസ്‌ലാമിന്നു വിപരീതമായകാര്യം അവനിൽനിന്നും പ്രകടമാകാത്തിടത്തോളംകാലം. ഇസ്‌ലാമിൽനിന്നും പുറത്തുപോകാനുള്ള കാരണങ്ങൾ പത്താകുന്നു. ഓരോന്നിനും സമഗ്രമായ വിശദീകരണം ആവശ്യമാണെങ്കിലും, വളരെചുരുക്കി ഇവിടെ പറയാം, 1-ആരാധനയിൽ അല്ലാഹുവിൽപങ്കുചേർക്കൽ. 2-അല്ലാഹുവിൻെറയും തൻെറയും ഇടയിൽ മദ്ധ്യവർത്തികളെവച്ച് അവരെ വിളിച്ചുപ്രാർത്ഥിക്കുക, =

ഗ്ഗത്തിൽ യുദ്ധത്തിനുപോയാൽ (ശത്രു ആരെന്നും, മിത്രമാരെന്നും) നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം [അന്നിസാഅ്:94]. കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുവാനും, അവരിൽ നിന്നും പിന്തിരിയാനും ഖുർആൻ നിർദ്ദേശിക്കുന്നു. അതിനു ശേഷം ഇസ്ലാമിനുവിരുദ്ധമായത് കണ്ടാൽ അവർ കൊല്ലപ്പെടണമെന്നാണ് "(ശത്രു ആരെന്നും മിത്രമാരെന്നും) നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം" എന്നതിൻെറആശയം. ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞുകഴിഞ്ഞാൽപിന്നെ അവൻ യാതൊരു കാരണവശാലും കൊല്ലപ്പെടാൻ പാടില്ല എന്നായിരുന്നെങ്കിൽ ഈ"വ്യക്തമായി മനസ്സിലാക്കലിന്ന്" യാതൊരർത്ഥവുമില്ല. ഇസ്ലാമിന്ന് വിരുദ്ധമായ കാര്യങ്ങൾ പ്രകടമാകാത്തിടത്തോളം കാലം, ഇസ്ലാം പ്രഖ്യാപിച്ച ഒരാൾ സംരക്ഷിക്കപ്പെടണമെന്ന മുൻഹദീസുകളുടെ ആശയവും ഇതുതന്നെ. ലാഇലാഹഇല്ലല്ലാഹ് പറഞ്ഞിട്ടും നീ അവനെ വധിച്ചുവോ, ലാഇലാഹഇല്ലല്ലാഹ് പറയുന്നതുവരെ അവരോട് യുദ്ധം ചെയ്യുവാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്നെല്ലാം പറഞ്ഞ നബി (സ) ഖവാരിജുകളെ കുറിച്ചു പറഞ്ഞവാക്ക് ഇതിനുള്ള തെളിവാണ്. നബി (സ)പറഞ്ഞു: അവരെ (ഖവാരിജുകളെ) എവിടെവച്ചുകണ്ടാലും നിങ്ങൾ അവരെ വധിച്ചുകളയുക. ഞാനവരെ കണ്ടാൽ ആദ്സമൂഹത്തെ കൊന്നതുപോലെ കൊന്നുകളയും(23).

---

= അവരോട് ശുപാർശചോദിക്കുക, അവരിൽ തവക്കുൽ (ഭരമേൽപിക്കൽ) ചെയ്യുക. 3-മുശ്രികുകൾ കാഫിറുകളാണെന്ന് വിശ്വസിക്കാതിരിക്കുക. അവർ കാഫിറാണെന്ന കാര്യത്തിൽ സംശയംപ്രകടിപ്പിക്കുക. അവരുടെമതവും ശരിയാണെന്ന് വാദിക്കുക. 4-നബി (സ)യുടേതല്ലാത്ത മാർഗ്ഗദർശനമാണ് സമ്പൂർണ്ണം, നബിയുടേതല്ലാത്തവിധികളാണ് ഉത്തമം എന്നെല്ലാം വിശ്വസിക്കുക. 5-നബി(സ) കൊണ്ടുവന്ന വല്ലകാര്യത്തോടും വെറുപ്പ്പ്രകടിപ്പിക്കൽ. അത് അവൻ വെറുപ്പോടെ ചെയ്യുന്നുണ്ടെങ്കിലും ശരി. 6-പ്രവാചക മതശാസനകളെയോ, അതിൽ പറയപ്പെട്ട ശിക്ഷാരക്ഷകളെയോ പരിഹസിക്കൽ. 7-സിഹ്റ് (മാരണം) ചെയ്യൽ. 8-മുസ്ലിംകൾക്കെതിരിൽ മുശ്രികുകളെ സഹായിക്കൽ. 9-നബി (സ) പഠിപ്പിച്ച ശരീഅ (മതനിയമ)ത്തിൽനിന്നും ചിലർക്കെല്ലാം പുറത്തുപോകാമെന്ന് വിശ്വസിക്കൽ. 10-ഇസ്ലാം മതം പഠിക്കുന്നതിൽ വിമുഖതകാണിച്ചു, അതനുസരിച്ചു പ്രവർത്തിക്കാതെ അതിൽനിന്നും പിന്തിരിയൽ.

23-അലി (റ) പറഞ്ഞു: ഞാൻ നബി (സ)യിൽ നിന്നും വല്ലഹദീസും ഉദ്ധരിക്കുകയാണെങ്കിൽ അല്ലാഹുവാണെ,സത്യം നബിയുടെ പേരിൽ കളവു പറയുന്നതിനെക്കാൾ എനിക്കിഷ്ടം ആകാശത്തു നിന്നും താഴേക്ക് വീഴലാണ്. ഞാനും =

ഇവർ ആരാധനയിലും, ലാഇലാഹഇല്ലല്ലാഹ് പറയുന്നതിലും മറ്റുള്ളവരെക്കാളെല്ലാം മുൻപന്തിയിൽനിന്നവരായിരുന്നു. സഹാബത്തിൽനിന്നും മതവിജ്ഞാനം ഉൾക്കൊണ്ട ഇവരുടെ നമസ്കാരങ്ങൾക്കു മുന്നിൽ സഹാബത്തിൻെറ നമസ്കാരം ഒന്നുമായിരുന്നില്ല. ഇസ്ലാമിക ശരീഅത്തിനു വിരുദ്ധമായി അവർ പ്രത്യക്ഷപ്പെട്ടതുനിമിത്തം അവരുടെ കലിമതുത്തൗഹീദും, ആരാധനകളും, ഇസ്ലാംവാദവും ഒന്നുംതന്നെ അവർക്ക് രക്ഷയേകിയില്ല.

ബനൂഖുറൈള ഗോത്രക്കാരായ ജൂതരോട് നബിയും, ബനൂഹനീഫ ഗോത്രക്കാരോട് നബിയുടെ സഹാബത്തും യുദ്ധംചെയ്തതും ഇപ്രകാരംതന്നെ. അതുപോലെത്തന്നെ നബി (സ) ഒരിക്കൽ ബനൂമുസ്ത്വലഖ് ഗോത്രക്കാരോട് യുദ്ധംചെയ്യാനൊരുങ്ങി. അവർ സകാത്നൽകാൻ വിസമ്മതിച്ചു എന്ന് ഒരാൾവന്നു പറഞ്ഞതുകൊണ്ടായിരുന്നു അത്. അപ്പോൾ അല്ലാഹു ഖുർആൻ വാക്യം അവതരിപ്പിച്ചു. **സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയുംകൊണ്ട് നിങ്ങളുടെഅടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരുജനതക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിൻെറപേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻവേണ്ടി** [ഹുജുറാത്:6]. ഈവിവരം വന്നു പറഞ്ഞയാൾ ഇവരോട് കളവു പറഞ്ഞതായിരുന്നു(24).

---

=നിങ്ങളും തമ്മിലുള്ള കാര്യമാണ് ഞാൻ ഉദ്ധരിക്കുന്നതെങ്കിൽ, തീർച്ചയായും യുദ്ധം തന്ത്രങ്ങൾ പ്രയോഗിക്കലാണ്. നബി(സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു. അവസാന കാലത്ത് ഇളംപ്രായക്കാരും, അവിവേകികളുമായ ഒരുകൂട്ടർ പുറപ്പെടും. സൃഷ്ടികൾ പറയുന്ന ഏറ്റവുംനല്ല വചനം (ഖുർആൻ) അവർ പറയും. പക്ഷെ വിശ്വാസം അവരുടെ തൊണ്ടക്കുഴിയെ വിട്ടു (താഴോട്ട്) കടന്നിട്ടുണ്ടാകില്ല. അമ്പ് വില്ലിൽനിന്നും പുറത്തു പോകുന്നതുപോലെ അവർ മതത്തിൽ നിന്നും പുറത്തു പോകും. അവരെ എവിടെവച്ചു നിങ്ങൾ കണ്ടാലും അവരെ വധിച്ചു കളയുക [ബുഖാരി].

24-ഹാരിഥുബ്നു ളിറാരി(റ) പറയുന്നു. ഞാൻ നബി (സ)യുടെ അടുക്കൽ വന്നു. അദ്ദേഹം എന്നെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. ഞാൻ ഇസ്ലാം അംഗീകരിച്ചു, അതിൽ പ്രവേശിച്ചു. സകാത് നൽകുവാൻ നബി (സ) എന്നോട് ആവശ്യപ്പെട്ടു. ഞാനതും അംഗീകരിച്ചു. ഞാൻ നബി (സ)യോട് പറഞ്ഞു. പ്രവാചകരേ, ഞാൻ അവരിലേക്ക് (എൻെറ ജനങ്ങളിലേക്ക്) തിരിച്ചു പോകുകയാണ്. അവരെ ഞാൻ ഇസ്ലാമിലേക്കും, സകാത് നൽകുന്നതിലേക്കും ക്ഷണിക്കാം. എൻെറക്ഷണം

ഇവർ തെളിവായി ഉദ്ധരിക്കുന്ന ഹദീസുകളിലെല്ലാം നബി(സ) യുടെഉദ്ദേശ്യം നാംപറഞ്ഞതു തന്നെയായിരുന്നു എന്നാണ് ഈ നബിവചനങ്ങളെല്ലാം സൂചിപ്പിക്കുന്നത്.

---

=സ്വീകരിച്ചവരുടെ സകാത് ഞാൻ ശേഖരിക്കാം. പ്രവാചകരേ, താങ്കൾ ഒരു പ്രത്യേക കാലത്ത് എൻെറ അടുത്തേക്ക് ഒരു ദൂതനെ അയക്കുക. ഞാൻ ശേഖരിച്ച സകാത് അദ്ദേഹം താങ്കൾക്കെത്തിച്ചുതരട്ടെ. ഹാരിഥ് തൻെറ ക്ഷണം സ്വീകരിച്ചവരുടെ സകാത് ശേഖരിച്ചു, നബി(സ) ദൂതനെ അയക്കാമെന്നു പറഞ്ഞ കാലമായി, പക്ഷെ നബി ദൂതനെ അയച്ചില്ല. നബി (സ) വന്നതുമില്ല. ഹാരിഥ് വിചാരിച്ചു: അല്ലാഹുവും റസൂലും തന്നോട് കോപിച്ചിട്ടുണ്ടാകും. ഹാരിഥ് തൻെറ ജനതയിലെ പ്രമുഖരെ വിളിച്ചുകൂട്ടി പറഞ്ഞു: ഞാൻ ശേഖരിച്ച സകാത് കൊണ്ടുപോകാൻ ഒരുദൂതനെ അയക്കാൻ നബി (സ) എനിക്ക് സമയം നിശ്ചയിച്ചു തന്നതാണ്. എന്നാൽ അതിനുശേഷം നബിയിൽ നിന്നു തുടർനടപടികളൊന്നും കാണുന്നില്ല. നബിക്കു കോപം വന്നതിനാൽ മാത്രമായിരിക്കും അദ്ദേഹം ദൂതനെ അയക്കാതിരുന്നിട്ടുണ്ടാകുക. വരൂ, നമുക്ക് നബിയുടെ അടുത്തേക്ക് പോകാം.

അതേസമയം ശേഖരിച്ച സകാത് കൊണ്ടുവരാൻ വലീദുബ്നു ഉഖ്ബതിനെ നബി(സ) ഹാരിഥിൻെറ അടുത്തേക്ക് അയച്ചു. വലീദ് യാത്രയായി. കുറച്ചു ദൂരം ചെന്നപ്പോൾ പേടിതോന്നി, തിരിച്ചുപോന്നു. നബി (സ)യുടെ അടുക്കൽ വന്നു പറഞ്ഞു: ഹാരിഥ് സകാത് നിഷേധിക്കുകയും, എന്നെ കൊല്ലാൻ വരികയും ചെയ്തു. നബി (സ)ക്ക് കോപംവന്നു. ഹാരിഥിൻെറ അടുത്തേക്ക് ഒരുസംഘത്തെ അയച്ചു. ഹാരിഥ് തൻെറ ആൾക്കാരെയും കൊണ്ട് നബിയുടെ അടുത്തേക്കും പുറപ്പെട്ടു. നബി (സ) അയച്ച സംഘം നീങ്ങി, മദീനയുടെ പുറത്തു കടന്നപ്പോൾ ഹാരിഥ് അവരെ കണ്ടുമുട്ടി. നബി (സ)യുടെ സംഘാംഗങ്ങൾ പറഞ്ഞു: ഇതാ ഹാരിഥ്. അവരെ അദ്ദേഹം വലയം ചെയ്തശേഷംചോദിച്ചു: ആരിലേക്കാണ് നിങ്ങൾ നിയോഗിക്കപ്പെട്ടിട്ടുള്ളത്? സംഘം: താങ്കളിലേക്ക്. ഹാരിഥ്: എന്തിന്? സംഘം: വലീദുബ്നു ഉഖ്ബതിനെ നബി (സ) താങ്കളിലേക്ക് അയച്ചിരുന്നു. അദ്ദേഹത്തോട് സകാത് നൽകില്ലെന്ന് പറഞ്ഞു, അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചു താങ്കൾ എന്നദ്ദേഹംപറയുന്നല്ലോ. ഹാരിഥ്: മുഹമ്മദു നബി (സ)യെ സത്യവുമായി നിയോഗിച്ചവൻ (അല്ലാഹു) തന്നെയാണ, സത്യം , ഞാനയാളെ കണ്ടിട്ടില്ല, അയാൾ എൻെറയടുക്കൽ വന്നിട്ടുമില്ല. നബി(സ) ആളെ അയക്കാത്തതു കണ്ടപ്പോൾ മാത്രമാണ് ഞാൻ പുറപ്പെട്ടത്. അത് അല്ലാഹുവും അവൻെറ റസൂലും എന്നോട് കോപിച്ചതു കൊണ്ടായിരിക്കും എന്ന് ഞാൻഭയപ്പെട്ടു.

ഹാരിഥ് പറയുന്നു: അപ്പോൾ **സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത്വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരുജനതക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആചെയ്തതിൻെറപേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻവേണ്ടി** (ഹുജുറാത്:6) എന്ന ഖുർആൻ വചനം അവതരിപ്പിക്കപ്പെട്ടു. (അഹ്മദ്,ത്വബ്റാനീ,ഇബ്നുകഥീർ)

## അന്ത്യനാളിലെ സഹായാർത്ഥന

അടുത്തസംശയം: നബി(സ)പറഞ്ഞിരിക്കുന്നു: ഖിയാമത്‌നാളിൽ മനുഷ്യർ യഥാക്രമം ആദം, നൂഹ്, ഇബ്‌റാഹീം, മൂസാ, ഈസാ (അ) എന്നീ പ്രവാചകരോട് സഹായംതേടും. അവരെല്ലാം ഒഴികഴിവു പറയും. അങ്ങനെയവർ നബി (സ)യുടെ അടുക്കലെത്തും. അല്ലാഹു അല്ലാത്തവരോടും ഇസ്തിഗാഥഃ (സഹായാർത്ഥന) നടത്താമെന്നതിനു തെളിവല്ലേ ഇത്?

മറുപടി: അല്ലാഹുവിൻെറ ശത്രുക്കളുടെ മനസ്സുകളിൽ സീൽ വച്ചവൻ പരിശുദ്ധൻ. ഒരു സൃഷ്ടിയോടും അയാൾക്ക് കഴിയുന്ന കാര്യങ്ങളിൽ സഹായം തേടുന്നതിനെ ആരും വിമർശിക്കുന്നില്ല. മൂസാ നബി (അ)യെ കുറിച്ച് അല്ലാഹു പറയുന്നു: **അപ്പോൾ തൻെറ കക്ഷിയിൽ പെട്ടവൻ തൻെറ ശത്രുവിഭാഗത്തിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട്** സഹായംതേടി [ഖസ്വസ്:15]. യുദ്ധം പോലെയുള്ള വേളകളിൽ മനുഷ്യൻ തൻെറകൂട്ടുകാരനോട് - അവന്ന് കഴിയുന്നകാര്യങ്ങളിൽ സഹായംതേടുന്നതു പോലെയുള്ളവ അനുവദനീയമാണ്. അല്ലാഹുവിനുമാത്രം ചെയ്യാൻ കഴിയുന്ന ചിലകാര്യങ്ങളുണ്ട് അത്തരം കാര്യങ്ങൾക്കുവേണ്ടി മരിച്ച ഔലിയാക്കളുടെ ഖബറിടങ്ങളിൽപോയോ, അല്ലെങ്കിൽ അവരുടെ അസാന്നിദ്ധ്യത്തിലോവച്ച് സഹായം തേടുന്നതിനെയാണ് നാം വിമർശിക്കുന്നത്[25].

ഇതു മനസ്സിലായല്ലോ? സ്വർഗ്ഗാവകാശികൾക്ക് മഹ്ശറിലെ ആ വിഷമഘട്ടത്തിൽ നിന്നൊരു സുഖംലഭിക്കാൻ, തങ്ങളുടെ വിചാരണ എത്രയുംവേഗം നടത്തിക്കിട്ടാൻ പ്രവാചകന്മാർ അല്ലാഹുവിനോടൊന്ന് പ്രാർത്ഥിക്കുവാനാണ് അവർ അന്ത്യനാളിൽ സഹായംതേടുന്നത്. ജീവിച്ചിരിപ്പുള്ള, നമ്മുടെകൂടെയിരിക്കുന്ന, നമ്മുടെ സംസാരംകേൾക്കുന്ന, സ്വാലിഹായ ഒരാളുടെ അടുക്കൽ ചെന്ന്"എനിക്കുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കണം" എന്ന് പറയുന്നത് ഇഹത്തിലും പരത്തിലും അനുവദനീയമാണ്. നബി (സ) ജീവിച്ചിരിപ്പുള്ളകാലത്ത് സഹാബികൾ അപ്രകാരം ചെയ്തിരുന്നു.

25-അല്ലാഹു അല്ലാത്തവർക്കും കഴിയുന്നകാര്യമാണെന്ന് വക്കുക. എന്നാൽ പോലും സഹായംതേടുന്നത് മരിച്ച ആളോടോ, സന്നിധിയിലില്ലാത്ത ആളോടോ ആണെങ്കിൽ അതും അനുവദനീയമല്ല.

എന്നാൽ അദ്ദേഹത്തിൻെറ മരണശേഷം അവരാരും അദ്ദേഹത്തിൻെറ ഖബ്റിൻെറ അടുത്തുപോയി അങ്ങനെ ചെയ്തില്ല. മാത്രമല്ല, നബി (സ)യുടെ ഖബ്റിൻെറ അടുക്കൽ പോയി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതുപോലും മുൻഗാമികൾ വിലക്കുകയാണ് ചെയ്തത്. പിന്നെയല്ലേ നബി (സ)യോടുള്ള പ്രാർത്ഥന.

## ജിബ്രീലിൻെറ സഹായം

മറ്റൊരു സംശയം: ഇബ്റാഹീം (അ) അഗ്നികുണ്ഡത്തിൽ എറിയപ്പെട്ടപ്പോൾ ജിബ്രീൽ പ്രത്യക്ഷപ്പെട്ടു ചോദിച്ചു: താങ്കൾക്കു വല്ലതും ആവശ്യമുണ്ടോ? ഇബ്റാഹീം: താങ്കളിൽ നിന്ന് ഒന്നും വേണ്ട(26). ഇസ്തിഗാഥ: ശിർകായിരുന്നെങ്കിൽ ഇബ്റാഹീം നബിക്ക് അതു കാണിക്കപ്പെടില്ലായിരുന്നല്ലോ?

മറുപടി: ഈ സംശയവും നേരെമുമ്പ് പറഞ്ഞതുപോലെ തന്നെയാകുന്നു. ജിബ്രീൽ തനിക്കു കഴിയാവുന്ന രൂപത്തിൽ സഹായിക്കാമെന്നാണ് പറഞ്ഞത്. കാരണം ജിബ്രീലിനെ കുറിച്ച് അല്ലാഹു പറയുന്നു: **ശക്തിമത്തായ കഴിവുള്ളവനാണ് (ജിബ്രീൽ എന്ന മലക്കാണ്) അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്** [നജ്മ്:5]. ഇബ്റാഹീം എറിയപ്പെട്ട അഗ്നിയും, അതിനു ചുറ്റുമുള്ള മണ്ണും മലയും എല്ലാം എടുത്ത് പടിഞ്ഞാറോ, കിഴക്കോ കൊണ്ടുപോയി എറിയാൻ അല്ലാഹു ജിബ്രീലിന്ന് അനുവാദം നൽകിയിരുന്നെങ്കിൽ അദ്ദേഹം അതുചെയ്യുമായിരുന്നു. ഇബ്റാഹീം നബിയെവിദൂരദിക്കിൽ കൊണ്ടുപോയി ഇടുവാൻകൽപിച്ചാൽ അദ്ദേഹം അങ്ങനെ ചെയ്യുമായിരുന്നു. ആകാശത്തിലേക്ക് ഉയർത്തുവാൻ കൽപിച്ചാൽ അതും ചെയ്യുമായിരുന്നു. ദരിദ്രനായ ഒരാളെ കാണുന്ന ധനികനെപ്പോലെയാണിത്. ധനികൻ ദരിദ്രന് കടംകൊടുക്കാമെന്ന് പറയുന്നു. അല്ലെങ്കിൽ ദാരിദ്ര്യം മാറാൻമാത്രം ദാനംനൽകാമെന്ന് പറയുന്നു. പക്ഷെ ദരിദ്രൻ അതുവാങ്ങാൻ വിസമ്മതിക്കുന്നു. അല്ലാഹുതനിക്ക് ഉപജീവനംനൽകുന്നതുവരെ അവൻ ക്ഷമിക്കാൻ തയ്യാറാകുന്നു. അതിൽ ആരുടെയുംദാക്ഷിണ്യം അയാൾ കൊതിക്കുന്നില്ല. ഇതിൽ ആരാധനയാകുന്ന ഇസ്തിഗാഥ:യും

26-ഈ സംഭവം വിവരിക്കുന്ന ഹദീസ് ദുർബലമോ, നിർമ്മിതമോ ആകുന്നു.

ശിർകും എവിടെ? ജനങ്ങൾ മനസ്സിലാക്കിയെങ്കിൽ!(27)

മേൽപറയപ്പെട്ടതിൽനിന്നെല്ലാം നമുക്ക് മനസ്സിലാകുന്ന സുപ്രധാനമായ ഒരുകാര്യം പറഞ്ഞുകൊണ്ട് ഈ സംസാരം അവസാനിപ്പിക്കാം (ഇ-അ.) വിഷയത്തിൻെറ ഗൗരവം കണക്കിലെടുത്തും, തെറ്റിദ്ധരിക്കപ്പെട്ട കാര്യമായതുകൊണ്ടും ഇത് പ്രത്യേകം പറയുകയാണ്.

ഏകദൈവവിശ്വാസം, മനസ്സാ,വാചാ, കർമ്മണാ ഉണ്ടാകണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമേയില്ല. ഇതിൽ വല്ലതും കലർത്തിയാൽ അവൻ മുസ്ലിമാകുകയുമില്ല. തൗഹീദ് മനസ്സിലാക്കി, അതനുസരിച്ചു പ്രവർത്തിക്കാത്തവൻ ഫിർഔൻ, ഇബ്ലീസ് എന്നിവരെപ്പോലെ ധിക്കാരിയും കാഫിറുമാണ്. പക്ഷെ ഇക്കാര്യത്തിൽ അധിക ജനങ്ങൾക്കും തെറ്റുപറ്റിയിട്ടുണ്ട്. അവർ പറയുന്നു: ഇതെല്ലാം ശരിതന്നെ. ഞങ്ങളത് മനസ്സിലാക്കിയിരിക്കുന്നു. ഇത് യാഥാർത്ഥ്യമാണെന്ന് ഞങ്ങളും സാക്ഷ്യം വഹിക്കുന്നു. പക്ഷെ ഇപ്രകാരം ചെയ്യാൻ ഞങ്ങളാൽ സാദ്ധ്യമല്ല. ഞങ്ങളുടെ നാട്ടുകാരോട് യോജിക്കാത്തതൊന്നും അവിടെ ചെയ്യാൻ പറ്റില്ല തുടങ്ങിയ ഒഴികഴിവുകൾ അവർനിരത്തുന്നു. കുഫ്റിൻെറ നേതാക്കൾക്കെല്ലാം സത്യമറിയാം. ചില നിസ്സാരഒഴികഴിവുകളുടെ പേരിൽ അവർ സത്യത്തെ കയ്യൊഴിക്കുകയാണെന്ന് ഈ സാധുക്കളുണ്ടോ അറിയുന്നു? അല്ലാഹു പറഞ്ഞതുപോലെ അവർ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ വിലക്കുവിറ്റു [തൗബ:9], സ്വന്തം മക്കളെ അറിയുന്നതുപോലെ അവരത് അറിയുന്നുണ്ട് [അൻആം:20]

താനെന്താണ് ചെയ്യുന്നതെന്നറിയാതെ തൗഹീദുപരമായ കാര്യങ്ങൾ ചെയ്യുന്നവനും, മനസ്സിൽവിശ്വാസമില്ലാതെ പ്രവർത്തിക്കുന്നവനും കപടവിശ്വാസിയാണ്. തനികാഫിറിനെക്കാൾ അപകടകാരിയാണവൻ. അല്ലാഹുപറയുന്നു, തീർച്ചയായും കപടവിശ്വാ

---

27-മരിച്ചവർ ഒരുപ്രാർത്ഥനയും കേൾക്കുകയില്ല എന്നകാര്യം ഈസഹായാർത്ഥികൾ മനസ്സിലാക്കുന്നില്ല. അല്ലാഹു അവരെ നേർമാർഗ്ഗത്തിലാക്കട്ടെ. അല്ലാഹു പറയുന്നു: നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർകേട്ടാലും നിങ്ങൾക്കവർ ഉത്തരംനൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിൻെറനാളിലാകട്ടെ നിങ്ങളവരെ പങ്കാളികളാക്കിയിരുന്നതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനം ഉള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്കു വിവരംതരാൻ ആരുമില്ല [ഫാത്വിർ:14]

സികൾ നരകത്തിൻെറ അടിത്തട്ടിലാകുന്നു [അന്നിസാഅ്: 145]
ഇത് ദീർഘവും പുരാതനവുമായ ഒരുപ്രശ്നമാണ്. ജനങ്ങളുടെ വാക്കുകളെകുറിച്ചു ചിന്തിച്ചാൽ നിനക്കുവ്യക്തമാകും. സത്യം മനസ്സിലാക്കിയിട്ടും- ഭയംനിമിത്തമോ, മറ്റാരുടെയെങ്കിലും പ്രീതിയും സാമീപ്യവും കാംക്ഷിച്ചോ- അതനുസരിച്ചു പ്രവർത്തിക്കാത്തവരെകാണാം. ഉള്ളിൽതട്ടാതെ പുറത്തേക്കുമാത്രം പ്രകടിപ്പിച്ചു ചെയ്യുന്നവരെയും കാണാം. എന്താണ് തൻെറമനസ്സുകൊണ്ട് വിശ്വസിക്കുന്നതെന്ന് ചോദിച്ചാൽ അവന്നതറിയില്ല. പക്ഷെ നിങ്ങൾ രണ്ടുഖുർആൻ വചനങ്ങൾ മനസ്സിലാക്കൽ നിർബന്ധമാണ്.

ഒന്ന് നാം മുമ്പ്പറഞ്ഞ നിങ്ങൾ ഒഴികഴിവുകളൊന്നും പറയണ്ട. വിശ്വസിച്ചതിനുശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു [തൗബ:65-66] എന്നവചനമാണ്. ഈ വചനത്തിൽ പറയപ്പെട്ടവർ നബി (സ)യുടെകൂടെ റോമക്കാർക്കെതിരെ യുദ്ധത്തിൽ പങ്കെടുത്തആൾക്കാരാണ്. അവർ തമാശരൂപത്തിൽ പറഞ്ഞ ഒരുവാക്കാണ് അവരെ കാഫിറാക്കിയത്. ഇതുമനസ്സിലാക്കിയാൽ ഒരുകാര്യംവ്യക്തമാകും. ഭൗതികലാഭംകുറയും, മറ്റൊരാളുടെ പ്രീണനമോ, സാമീപ്യമോ നഷ്ടപ്പെടുമെന്ന ഭയത്താൽ കുഫ്റിൻെറ വാക്കുകൾപറയുകയോ, പ്രവർത്തനങ്ങൾ അനുഷ്ഠിക്കുകയോ ചെയ്താൽ തമാശപറഞ്ഞവനെക്കാൾ അപകടകാരിയാണ്.

രണ്ടാമത്തെ വചനം: വിശ്വസിച്ചതിനു ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ-തങ്ങളുടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധിക്കപ്പെട്ടവരല്ല; പ്രത്യുത, തുറന്ന മനസ്സോടെ അവിശ്വാസം സ്വീകരിച്ചവരാരോ- അവരുടെമേൽ അല്ലാഹുവിൽ നിന്നുള്ള കോപമുണ്ടായിരിക്കും [നഹ്ല്:106].

ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധിക്കപ്പെട്ടവർക്കല്ലാതെ, ഇത്തരക്കാർക്കും അല്ലാഹു ഒഴികഴിവ് അനുവദിച്ചിട്ടില്ല. അങ്ങനെയല്ലാത്തവരെല്ലാം വിശ്വസിച്ചതിനു ശേഷം അവിശ്വസിച്ചവർ തന്നെ. അവരുടെ പ്രവർത്തനം ഭയം നിമിത്തമാകട്ടെ, തൻെറരാജ്യത്തിൻെറയോ, കുടുംബത്തിൻെറയോ, ഗോത്രത്തിൻെറയോ, സമ്പത്തിൻെറയോ താൽപര്യം നിമിത്തമാകട്ടെ. അല്ലെങ്കിൽ തമാശയോ മറ്റോ ആകട്ടെ. നിർബന്ധി

ക്കപ്പെട്ടവർ ഒഴികെ. ഇക്കാര്യം രണ്ടുരൂപത്തിൽ ഖുർആൻ സൂചി പ്പിക്കുന്നു.

1-(നിർബന്ധിക്കപ്പെട്ടവരൊഴികെ). നിർബന്ധിക്കപ്പെട്ടവരെ മാത്രം ഒഴിവാക്കി. ആരും വാക്കിൻെറയും പ്രവൃത്തിയുടെയും കാര്യത്തിലേ നിർബന്ധിക്കപ്പെടുകയുള്ളൂ. മനസ്സിലെ വിശ്വാസത്തിൻെറകാര്യത്തിൽ ആരുംഏദ്രമിക്കപ്പെടാറില്ല. അതിന്ന് സാദ്ധ്യവുമല്ല.

**2-അതെന്തുകൊണ്ടെന്നാൽ ഇഹലോക ജീവിതത്തെ പരലോകത്തെക്കാൾ കൂടുതൽ അവർ ഇഷ്ടപ്പെട്ടിരിക്കുന്നു** (നഹ്ല്:107).
ഈ കുഫ്റിനും ശിക്ഷക്കും കാരണം വിശ്വാസമോ, അജ്ഞതയോ, മതത്തോടുള്ള ദേഷ്യമോ, കുഫ്റിനോടുള്ള സ്നേഹമോ അല്ല. മറിച്ച് അവനിലുള്ള ഭൗതികമായ എന്തോ താൽപര്യത്തിൻെറ സ്വാധീനമാണ്. മത ആദർശത്തെക്കാൾ ദുൻയാവിനെ അവൻ തെരഞ്ഞെടുക്കുകയും ചെയ്തു. അല്ലാഹുവാകുന്നു എല്ലാം അറിയുന്നവൻ.

والحمد لله ربّ العالمين وصلّى الله وسلم وبارك على محمّد وآله

وصحبه ومن تبعهم إلى يوم الدين.

مطبعة النرجس التجارية
NARJIS PRINTING PRESS
تلفون : ٢٣١٦٦٥٣ / ٢٣١٦٦٥٤
فاكس : ٢٣١٦٨٦٦ الرياض

# كشف الشبهات

محمد بن عبدالوهاب بن سليمان




المكتب التعاوني للدعوة والإرشاد وتوعية الجاليات بالنسيم

الرياض - حي المنار - مقابل العيادات الخارجية لمستشفى اليمامة

هاتف: ٢٣٢٨٢٢٦ - ٢٣٥٠١٩٤ - فاكس: ٢٣٠١٤٦٥

ص.ب: ٥١٥٨٤ الرياض: ١١٥٥٣


المليبارية

٥٤